# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കഠിനംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം./ജി.പി 11/1489/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/12/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കഠിനംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം./ജി.പി 11/1489/2021 തീയ്യതി: 18/12/2021

## തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 70 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 66 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 09-09-2021 | 17-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2021 | 17-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സാബു.ജി.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.പ്രവീൺ.എൻ.ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ.സി.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മെർലിൻ ജേക്കബ്ബ്,ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫെലിക്സ്.പി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി മിനി.ജെ. | സെക്രട്ടറി | 01-04-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി.ജെ. | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.സനൽകുമാർ.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ഹരിശങ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2019 | 31-03-2020 |
| ശ്രീമതി സീന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി സിമി ദിവാൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ. ഗോഡ്ഫ്രേ ലോപ്പസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2019 | 31-03-2020 |
| ശ്രീ.നന്ദകിഷോർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. ദിലീപ്കുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി സീമ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജയലക്ഷ്മി. ആർ.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ശ്രീമതി പ്രീതി പ്രഭാകരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2019 | 31-03-2020 |
| ശ്രീമതി കൃഷ്ണേന്ദു. ജെ.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

ഇല്ല.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Rekha C S (Senior Grade Auditor, On 21-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-1-1 |
| 2 | പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 29-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-1-2 |
| 3 | പ്രതിമാസമുള്ളതും, വാർഷികവുമായ ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 29-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-1-3 |
| 4 | ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്<br>Written By: Rekha C S (Senior Grade Auditor, On 29-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-1-4 |
| 5 | അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കാതെ ചെലവ് ചെയ്തു<br>Written By: Rekha C S (Senior Grade Auditor, On 29-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-1-5 |
| 6 | ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തു<br>Written By: Rekha C S (Senior Grade Auditor, On 29-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-1-6 |
| 7 | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്<br>Written By: Rekha C S (Senior Grade Auditor, On 29-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-1-7 |
| 8 | വാർഷിക ധനകാര്യ പത്രിക<br>Written By: Rekha C S (Senior Grade Auditor, On 21-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-1 |
| 9 | ചെലവഴിക്കാത്ത തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-2 |
| 10 | ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ സർക്കാർ അനുവദിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-3 |
| 11 | പ്രവർത്തനമല്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്<br>Written By: Rekha C S (Senior Grade Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-4 |
| 12 | കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്<br>Written By: Rekha C S (Senior Grade Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-5 |
| 13 | ആസ്തി ആർജ്ജിച്ചിട്ടും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല<br>Written By: Rekha C S (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-6 |

| | | |
|---|---|---|
| 14 | ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-7 |
| 15 | ചെലവുകൾ എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-8 |
| 16 | നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാ എ.എഫ്.എസി-ൽ നിക്ഷേപതുകയിൽ വ്യത്യാസം<br>Written By: Rekha C S (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-9 |
| 17 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 27-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-10 |
| 18 | അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല<br>Written By: Rekha C S (Senior Grade Auditor, On 28-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-11 |
| 19 | KSEBയ്ക്ക് മുൻകൂറായി നൽകിയ തുകകൾ RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 29-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-12 |
| 20 | അഡ്വാൻസ് റ്റു അദേഴ്സ് ഇനത്തിൽ നൽകിയ മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതാണ്<br>Written By: Rekha C S (Senior Grade Auditor, On 29-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-13 |
| 21 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ കണക്കുകൾ അവതരിപ്പിച്ചതിന്റെയും ജനറൽ കമ്മറ്റിയ്ക്ക് സമർപ്പിച്ചതിന്റെയും രേഖകൾ ലഭ്യമല്ല<br>Written By: Rekha C S (Senior Grade Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-14 |
| 22 | വരവുകൾ ഫ്രണ്ട് ഓഫീസിൽ ഹെഡ് മാറി രേഖപ്പെടുത്തുന്നു.<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-15 |
| 23 | വിവിധ പെൻഷനുകൾക്കായി ലഭിച്ച തുക DBT സ്റ്റേറ്റ്മെന്റിലും AFSലും വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-16 |
| 24 | വാടകയിനത്തിലൂള്ള കുടിശ്ശികയുള്ള തുകകൾ ഈടാക്കേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-17 |
| 25 | ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത തുക പദ്ധതി നടപ്പിലാക്കാത്തതിനാൽ തിരികെ ഒടുക്കിയത് ബി-4 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-18 |
| 26 | അക്കൗണ്ട്സ് – മറ്റ് അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-2-19 |
| 27 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Rekha C S (Senior Grade Auditor, On 21-09-2021)<br>Last Updated By: Sabu G (Audit Officer, On 03-10-2021) | 1-3 |
| 28 | ഗ്രാന്റ് വിനിയോഗം<br>Written By: Rekha C S (Senior Grade Auditor, On 01-10-2021) | 1-4-1 |

| | | |
|---|---|---|
| | Last Updated By: Reni L.S. (Computer Assistant, On 07-12-2021) | |
| 29 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ ,എ.എഫ്.എസ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-4-2 |
| 30 | പദ്ധതി അവലോകനം<br>Written By: Praveen N.G (Asst. Audit Officer, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-5 |
| 31 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rekha C S (Senior Grade Auditor, On 21-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-6-1 |
| 32 | MNREGS വരവും ചെലവും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 26-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-6-2 |
| 33 | ക്ഷേമപദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 30-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-7 |
| 34 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 98,100/-രൂപ<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 06-12-2021) | 1-7-1 |
| 35 | സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-7-2 |
| 36 | ക്യാഷ് ബാലൻസ്<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-8 |
| 37 | ആഭ്യന്തരനിയന്ത്രണം<br>Written By: Sabu G (Audit Officer, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-9 |
| 38 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sabu G (Audit Officer, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-10 |
| 39 | വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 30-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-11 |
| 40 | നികുതിയിളവുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 30-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-11-1 |
| 41 | ഫോറം 6 സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 30-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-11-2 |
| 42 | വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തി തുക ഡിമാന്റ് ചെയ്യുന്നില്ല<br>Written By: Merlin Jacob (Auditor, On 30-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-11-3 |
| 43 | സഞ്ചയ- സാംഖ്യ എൻട്രികൾ കാലികമാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 30-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-11-4 |
| 44 | മൊബൈൽ ടവറിൽ നിന്ന് വസ്തുനികുതി, കുടിശ്ശിക നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Merlin Jacob (Auditor, On 30-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-11-5 |

| | | |
|---|---|---|
| 45 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 30-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-12 |
| 46 | സ്ഥാപനനികുതി ഈടാക്കിയിട്ടില്ല<br>Written By: Merlin Jacob (Auditor, On 30-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-12-1 |
| 47 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Merlin Jacob (Auditor, On 30-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-12-2 |
| 48 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 30-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-13 |
| 49 | രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-13-1 |
| 50 | ലൈസൻസ് രജിസ്റ്ററുകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-13-2 |
| 51 | ലൈസൻസ് സമയബന്ധിതമായി പുതുക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-13-3 |
| 52 | സ്ഥലപരിശോധന റിപ്പോർട്ടുകൾ അപൂർണ്ണം<br>Written By: Merlin Jacob (Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-13-4 |
| 53 | ലൈസൻസ് ഫീസ്-മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-13-5 |
| 54 | യന്ത്രങ്ങളുടെ ഫീസ് ഈടാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-13-6 |
| 55 | ലേലത്തുക ഈടാക്കിയതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-14 |
| 56 | ലേലത്തുക സമയബന്ധിതമായി ഈടാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-14-1 |
| 57 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.<br>Written By: Sabu G (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-15 |
| 58 | ഇ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്തിൽ നിന്നും പൂർണ്ണമായും ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല<br>Written By: Sabu G (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-12-2021) | 1-16 |
| 59 | ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല -252769/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-12-2021) | 1-17 |
| 60 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: Merlin Jacob (Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-12-2021) | 1-18 |
| 61 | ദുരന്തനിവാരണ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച | 1-19 |

| | | |
|---|---|---|
| | രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 01-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-12-2021) | |
| 62 | ഗ്രാമപഞ്ചായത്തിലേക്ക് എ.സി. വാങ്ങൽ പദ്ധതി-വ്യവസ്ഥകൾ പാലിച്ചില്ല<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-12-2021) | 1-20 |
| 63 | എ.സി. ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ സിഡ്കോയ്ക്ക് 31,500/- രൂപ അധികം നൽകി<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-12-2021) | 1-21 |
| 64 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ഫൈനൽ ബിൽ ലഭ്യമല്ല 1,21,410/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-22 |
| 65 | തെരുവു വിളക്കുകളുടെ ചാർജ്ജ് അടവാക്കൽ പദ്ധതി-കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-12-2021) | 1-23 |
| 66 | സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് വേതനം നൽകൽ , ഇലക്ട്രീഷ്യൻമാരെ തിരഞ്ഞെടുത്തിരിക്കുന്നതിൽ അപാകത.<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-12-2021) | 1-24 |
| 67 | ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ -പദ്ധതി പൂർത്തികരണം വൈകുന്നു<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-25 |
| 68 | ഒ എഫ് സി കണക്ഷന് സെക്യൂരിറ്റി ഡിപ്പോസിറ്റ് പദ്ധതി-വാടക ഇനത്തിൽ നൽകിയ തുക ക്രമീകരിക്കണം<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-26 |
| 69 | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പദ്ധതി - പത്രപരസ്യം നൽകിയിരിക്കുന്നത് ക്രമപ്രകാരമല്ല.<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-27 |
| 70 | കുടിവെള്ള ചാർജ്ജ് അടവാക്കൽ- വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-28 |
| 71 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി- സെന്റേജ് ചാർജജ് അധികം നൽകി<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-12-2021) | 1-29 |
| 72 | ചാന്നാങ്കര കയർ സൊസൈറ്റി വളപ്പിലെ ആഞ്ഞിലി മരത്തിന്റെ ശാഖകൾ വെട്ടി മാറ്റിയ ചെലവ് 4000/- രൂപ തിരികെ ഈടാക്കിയില്ല.<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-12-2021) | 1-30 |
| 73 | റ്റി ബി രോഗികൾക്ക് പ്രോട്ടീൻ പൗഡർ വിതരണം പദ്ധതി- | 1-31 |

| | | |
|---|---|---|
| | പൗഡർ വാങ്ങുന്നതിന് കാലതാമസം<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | |
| 74 | പാലിയേറ്റീവ് കെയർ രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.<br>Written By: Praveen N.G (Asst. Audit Officer, On 19-09-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 1-32 |
| 75 | ഹരിത ഭവനത്തിലെ എല്ലാ ഘടകങ്ങളും ചെയ്യാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-33 |
| 76 | പദ്ധതി നടത്തിപ്പിനായി നൽകിയ തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല-തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-34 |
| 77 | ചെലവഴിക്കാതെ അവശേഷിച്ച തുക തിരികെ ഒടുക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-35 |
| 78 | ജാഗ്രതാസമിതി കൗൺസിലറുടെ നിയമനം - അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 22-12-2021) | 1-36 |
| 79 | അമൃതം ന്യൂട്രിമിക്സ്-സ്റ്റോക്കിലുള്ള പൊരുത്തക്കേടുകൾ<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 22-12-2021) | 1-37 |
| 80 | ടെണ്ടർ ഫാറവിലയോടൊപ്പം ജിഎസ്ടി ഈടാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 1-38 |
| 81 | അനുബന്ധരേഖകൾ ഹാജരാക്കിയില്ല- 88,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 1-39 |
| 82 | പ്രോജക്ട് ഫയലുകൾ ഹാജരാക്കിയില്ല- 5,17,960/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 1-40 |
| 83 | ഭവന പുനരുദ്ധാണം പദ്ധതി സംബന്ധിച്ച പൊതുവായ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 1-41 |
| 84 | സ്പിൽ ഓവർ പ്രോജക്ടുകൾ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-42 |
| 85 | വീട് വാസയോഗ്യമാക്കൽ (എസ്സി)-പദ്ധതി അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 22-12-2021) | 1-43 |
| 86 | വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങൽ-പദ്ധതിയിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-44 |
| 87 | പ്രോജക്ട് നം.58/2019-20–മത്സ്യതൊഴിലാളികൾക്ക് ഫൈബർ വള്ളം/കട്ടമരം/ ചെറിയ വള്ളം പദ്ധതി രേഖകൾ ഹാജരാക്കിയില്ല | 1-45 |

| | | |
|---|---|---|
| | Written By: Sreedevi S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 22-12-2021) | |
| 88 | ചേരമാൻതുരുത്ത് പാലം നിർമ്മാണം രണ്ടാം ഘട്ടം- എം.ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ്തുക- 32,06,096/- തടസ്സപ്പെടുത്തുന്നു.<br>Written By: Sabu G (Audit Officer, On 03-10-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 1-46 |
| 89 | എസ്റ്റമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.<br>Written By: Sabu G (Audit Officer, On 03-10-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-12-2021) | 1-47 |
| 90 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: Sabu G (Audit Officer, On 03-10-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 1-48 |
| 91 | പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Sabu G (Audit Officer, On 03-10-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 1-49 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rekha C S (Senior Grade Auditor, On 30-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക<br>Written By: Rekha C S (Senior Grade Auditor, On 30-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rekha C S (Senior Grade Auditor, On 28-09-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: Rekha C S (Senior Grade Auditor, On 28-09-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: Biji T (Computer Assistant, On 06-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabu G (Audit Officer, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rekha C S (Senior Grade Auditor, On 01-10-2021)<br>Last Updated By: K Sreeja (Deputy Director, On 20-12-2021) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

### 1-1-1 ബഡ്ജറ്റ്

കഠിനംകുളം ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 12.02.19 ലെ തീരുമാനം 1(1) നമ്പർ തീരുമാന പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് മുൻബാക്കി 10,11,41,065/- രൂപയും, പ്രതീക്ഷിത വരുമാനം 44,64,68,070/-രൂപയും ചേർത്ത് ആകെ വരവ് 54,76,09,135/-രൂപയും ആകെ ചെലവ് 49,26,53,204/-രൂപയും നീക്കിബാക്കി 5,49,55,931/- രൂപയും ആണ്. ഇതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 13.2.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

### 1-1-2 പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20 നുള്ള മറുപടിയിൽ ബജറ്റ് പ്രസംഗം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും (ആയത് പരിശോധനയ്ക്കായി ലഭ്യമായില്ല) മറ്റു രേഖകൾ വരും കാലങ്ങളിൽ തയ്യാറാക്കുന്ന ബജറ്റുകളിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

### 1-1-3 പ്രതിമാസമുള്ളതും, വാർഷികവുമായ ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും ബജറ്റിന്റെ അവലോകനം (Review) നടത്തണമെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല.

മേൽ അപാകതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20 നുള്ള മറുപടിയിൽ മാസം തോറുമുള്ള അവലോകനവും തുടർനടപടികളും വരും കാലങ്ങളിൽ പ്രാവർത്തികമാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-1-4 ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 20 നുള്ള മറുപടി)

| ക്രമ | ഇനം | സമയം | ഗ്രാമപഞ്ചായത്തിന്റെ |
|---|---|---|---|

| നം | | | നടപടിക്രമം **(തീയതി ഉൾപ്പെടെ )** |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2018ഡിസംബർ 15-ന് മുൻപ് | 04.02.2019 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2019 ജനുവരി 15-ന് മുൻപ് | ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2019 ജനുവരി 25-ന് മുൻപ് | ലഭ്യമല്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2019 ഫെബ്രുവരി 1-ന് മുൻപ് | ലഭ്യമല്ല |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2019 ഫെബ്രുവരി 28-ന് മുൻപ് | 07/12/2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2019 മാർച്ച് 1-ന് മുൻപ് | 12.02.2019 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2019 മാർച്ച് 7-ന് മുൻപ് | ലഭ്യമല്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2019 മാർച്ച് 31-ന് മുൻപ് | 13.02.2019 |

ബജറ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കൃഷിഓഫീസർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), മെഡിക്കൽ ഓഫീസർ (ആയുർവേദം), ഐ.സി.ഡി.എസ്, അസി.എൻജിനീയർ, എ.ഇ(എം.എൻ.ആർ.ഇ.ജി.എസ്) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ 7.02.19, 9.02.2019 -തീയതികളിൽ നോൺ-പ്ളാൻ പ്രൊപ്പോസലുകൾ നൽകിയിട്ടുണ്ട്. വിവിധസ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെയും കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേർന്നതിന്റെയും രേഖകൾ ലഭ്യമായില്ല.

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. മേൽ അപാകതകൾ പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-1-5 അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കാതെ ചെലവ് ചെയ്തു

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം. എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2020-21-ലെ

ബജറ്റിനൊപ്പമാണ് 2019-20-ലെ റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20 നുള്ള മറുപടിയിൽ പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതോടൊപ്പമാണ് റിവൈസ്ഡ് ബജറ്റ് തയ്യാറാക്കി വരുന്നതെന്നും ഇനി മുതൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സപ്ളിമെന്ററി ബജറ്റ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-1-6 ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തു

ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. മാത്രമല്ല ബജറ്റിൽ വകയിരുത്തിയും റിവൈസ്ഡ് ബജറ്റിൽ വകയിരുത്താതെയും ചെലവ് ചെയ്തതിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലയും - മറ്റ് വിളകൾ | 2501002 | 18,00,000/- | 2,75,000/- | 3,77,950/- |
| 2 | അനിമൽ ഹസ്ബന്ററി - ഇൻഫ്രാസ്ട്രക്ച്ചർ ജനറൽ | 2501039 | 0 | 2,00,000/ | 42,067/- |
| 3. | അനിമൽ ഹസ്ബന്ററി - റിലേറ്റഡ് ഫെസിലിറ്റി ജനറൽ | 2501041 | 0 | 4,20,000/- | 4,20,000/- |
| 3 | മത്സ്യകൃഷി-ജനറൽ | 2501051 | 0 | 0 | 1,48,069/- |
| 4 | ഉൾനാടൻ മത്സ്യകൃഷി-ജനറൽ | 2501052 | 0 | 0 | 1,00,000/- |
| 5 | വിദ്യാഭ്യാസം അനുബന്ധ പ്രവർത്തികൾ-ജനറൽ | 2511013 | 0 | 0 | 28,820/- |
| 6 | പബ്ളിക്ക് ഹെൽത്ത് പ്രോഗ്രാം- ജനറൽ | 2512002 | 3,55,000/- | 3,55,000/- | 19,02,801/- |
| 7. | ഇലക്ട്രിഫിക്കേഷൻ ജനറൽ | 2513004 | 0 | 0 | 48,000/- |
| 8. | പ്രോഗ്രാം ഫോർ ഏജ്ഡ്-ജനറൽ | 2513005 | 16,00,000/- | 16,00,000/- | 18,82,121/- |
| 9. | സ്പെഷ്യൽചൈൽഡ് വെൽഫെയർ പ്രോഗ്രാം- ജനറൽ | 2514002 | 10,000/- | 0 | 7,500/- |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20 നുള്ള മറുപടിയിൽ റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയപ്പോൾ പിഴവ് സംഭവിച്ചതാണെന്നും മേലിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവ്-ചെലവുകൾ കണക്കിലെടുത്തു ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകാതിരിക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-1-7 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എ.എഫ്.എസ്. പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|---|
| 1 | രജിസ്ട്രേഷൻ ഫീ | 29500 | 75000 |
| 2 | ലൈസൻസ് ഫീ | 195210 | 250000 |
| 3 | തൊഴിൽ നികുതി | 6040775 | 7500000 |
| 4 | പഞ്ചായത്ത് സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 208061 | 23000 |
| 5 | ഫാറം വില | 183554 | 280000 |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20 ന് പ്രതീക്ഷിത വരുമാനം ലഭ്യമായില്ല എന്ന മറുപടിയാണ് നൽകിയത്. ബജറ്റ് തയ്യാറാക്കുമ്പോൾ മുൻകാല യഥാർത്ഥ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രതീക്ഷിത വരുമാനം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 01.07.2020 | -- | -- |

## 1-2-2 ചെലവഴിക്കാത്ത തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

2018-19, 2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി 4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ഒരേ തുകയാണ് നീക്കിയിരിപ്പായിട്ടുള്ളത്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക | ഓഡിറ്റ് എൻക്വയറി നമ്പർ 15 നുള്ള മറുപടി |
|---|---|---|---|---|
| 1 | 320100199 | കേന്ദ്രാവിഷ്കൃത പദ്ധതി-വിവിധ ഉദ്ദേശ്യ ഗ്രാന്റുകൾ-കേന്ദ്ര സർക്കാർ | 41432 | 26/03/2013-ൽ വെറ്ററിനറി ഹോസ്പിറ്റൽ മെയിന്റനൻസിന് വേണ്ടി 500000/-രൂപ തുകയിൽ നിന്നും 53/2017-ാം നമ്പർ പ്രോജക്റ്റിന് 458568/- രൂപ ചെലവായി. ഇതിന്റെ ബാലൻസ് ആയ പ്രസ്തുത തുക ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ നിലനിൽക്കുന്നു. |
| 2 | 320200207 | ഫണ്ട് ഫോർ ട്രാൻസ്ഫേഡ് | 300000 | 30.03.2019-ൽ Directorate Of Indian System Of Medicine -ൽ നിന്ന് ലഭ്യമായ |

| | | | | |
|---|---|---|---|---|
| | | ഇൻസ്റ്റിറ്റ്യൂഷൻ -ആയുർവേദ (കാപ്പിറ്റൽ) | | തുകയാണ്. ആയത് ട്രഷറി അക്കൗണ്ടിൽ നിലനിൽക്കുന്നു. |
| 3 | 320200317 | ഡ്രിംഗിംഗ് വാട്ടർ സ്കീമിനായുള്ള ഗ്രാന്റ് | 10000 | അംഗൻവാടി കുടിവെള്ള പദ്ധതിയ്ക്കായി ലഭ്യമായ തുക ട്രഷറി അക്കൗണ്ടിൽ നിലനിൽക്കുന്നു. |
| 4 | 320200399 | ഡെവലപ്പ്മെന്റ് ഫണ്ടിലും സംസ്ഥാന ആവിഷ്കൃത പദ്ധതിയിലും ഉൾപ്പെടാത്ത മറ്റ് വിവിധ ഉദ്ദേശ്യ ഗ്രാന്റുകൾ | 125000 | ഒരു ലക്ഷം രൂപ എം.എൻ ലക്ഷം വീട് പദ്ധതിയുടെ ബാലൻസ് തുകയും 25000/- രൂപ വിമുക്തി പദ്ധതിയുടെ തുകയുമാണ്. ആയത് ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ നിലനിൽക്കുന്നു. |
| 5 | 320300103 | മറ്റ് ഗവൺമെന്റ് ഏജൻസികളുടെ വിവിധ ഉദ്ദേശ്യ ഗ്രാന്റുകൾ - ടോട്ടൽ സാനിറ്റേഷൻ | 1433000 | സാനിറ്റേഷൻ പദ്ധതിയ്ക്കായി ലഭ്യമായ തുക ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ നിലനിൽക്കുന്നു. |
| 6 | 320300199 | മറ്റ് ഗവൺമെന്റ് ഏജൻസികളുടെ വിവിധ ഉദ്ദേശ്യ ഗ്രാന്റുകൾ | 511934 | 21/03/2015-ൽ ബി.പി.എൽ ഇൻസെന്റീവിന് ലഭ്യമായ തുകയിൽ നിന്നും ചെലവ് കഴിഞ്ഞിട്ടുള്ള 11934/- രൂപയും ആശ്രയ പദ്ധതിയ്ക്കു ലഭിച്ച 5ലക്ഷം രൂപയും ചേർന്ന തുകയാണ്. ആയത് ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ നിലനിൽക്കുന്നു. |

ചെലവഴിക്കാത്ത തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-3 ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ സർക്കാർ അനുവദിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നില്ല

ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ എ.എഫ്.എസ് പ്രകാരം ലഭ്യമായ തുക 1,69,87,932/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 1,92,33,171/- രൂപയാണ് ലഭിച്ചിട്ടുള്ളത്. 31/1/2020 ലെ GO(RT)No.887/2020/Fin പ്രകാരം ലഭ്യമായ 17,00,400/- രൂപയും 18.03.20 ലെ GO(RT)No.2249/2020/Fin പ്രകാരം ലഭ്യമായ 5,44,839/- രൂപയും എ.എഫ്.എസ്-ൽ ഉൾപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 39 നുള്ള മറുപടിയിൽ രണ്ട് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ട്രഷറി ഉദ്യോഗസ്ഥൻ ക്യൂ ബില്ലാക്കി മാറ്റി വെച്ചിരുന്നുവെന്നും ആയതിനാലാണ് വ്യത്യാസം വന്നതെന്നും അറിയിച്ചിരിക്കുന്നു. ആയത് സൂചിപ്പിച്ച് ട്രഷറിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത തുക നാളിതുവരെ തനതു ഫണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ലെന്നും 17/11/2021ലെ എ/39 നമ്പർ സാക്ഷ്യപത്രപ്രകാരം അറിയിച്ചിരിക്കുന്നു. പ്രസ്തുത തുക ലഭിക്കുന്നതിന് വേണ്ട നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ വരുമാനത്തിൽ കുറവ് സംഭവിക്കുന്ന ഇത്തരം നടപടികൾ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കുമെന്ന് പഞ്ചായത്ത് വിലയിരുത്തുന്നു.

## 1-2-4 പ്രവർത്തനമല്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്

DCB Literacy അക്കൗണ്ടിൽ 99/-രൂപ നീക്കിയിരിപ്പുണ്ട്. 2018-19 ലെ അക്കൗണ്ട്സിലും പ്രസ്തുത തുകയാണ് നീക്കിയിരിപ്പായിട്ടുള്ളത്. പ്രവർത്തനമല്ലാത്ത പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി 39 നുള്ള മറുപടിയിൽ പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചിരിക്കുന്നു.

## 1-2-5 കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്ത് നൽകിയ മൂന്ന മാസത്തിൽ കൂടുതൽ കാലാവധി കഴിഞ്ഞ ചെക്കുകൾ പണമാക്കാതെ കിടക്കുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

SBI-Epayment

| വൗച്ചർനമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രമെന്റ് നം. | ഇൻസ്ട്രമെന്റ് തീയതി | തുക |
|---|---|---|---|---|
| 119260900224 | 14.01.2020 | - | 11/11/2019 | 1374/- |
| 119260900242 | 14.01.2020 | - | 3.12.2019 | 2394/- |

Indian Bank

| വൗച്ചർനമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രമെന്റ് നം. | ഇൻസ്ട്രമെന്റ് തീയതി | തുക |
|---|---|---|---|---|
| 118100500010 | 28.04.2018 | 029013 | 12.04.2018 | 1815/- |
| 119230500033 | 31.08.2019 | 020722 | 31.08.2019 | 14150/- |
| 119230500034 | 31.08.2019 | 020723 | 31.08.2019 | 1250/- |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി 39 നുള്ള മറുപടിയിൽ ടി ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-6 ആസ്തി ആർജ്ജിച്ചിട്ടും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല

2018-19സാമ്പത്തിക വർഷത്തിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ(110/2018-19) പദ്ധതിയ്ക്കായി 4,99,672/-രൂപ മുൻകൂറായി നൽകുകയും 2,49,924/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകകൾ 2018-19, 2019-20 സാമ്പത്തിക വർഷത്തെ AFSൽ ഉൾപ്പെട്ടിട്ടില്ല. 2,49,924/- രൂപയ്ക്ക് സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ആയത് 2018-19, 2019-20 സാമ്പത്തിക വർഷത്തെ AFS -ലെ ബി-11 ഷെഡ്യൂളിലെ Electricity Line Extension എന്ന ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2018-19, 2019-20 സാമ്പത്തിക വർഷത്തെ AFS -ലെ ബി-11 ഷെഡ്യൂളിലെ Electricity Line Extension എന്ന ആസ്തിയിൽ ഒരേ തുക നിലനിൽക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19 ന് നൽകിയ മറുപടിയിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലാണ് ആസ്തിയിൽ ഉൾപ്പെടുത്താത്തതെന്ന് അറിയിച്ചരിക്കുന്നു. എന്നാൽ 2,49,924/- രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്ന് 2018-19 ഓഡിറ്റ് റിപ്പോർട്ടിലെ ഖ. 4.3 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-2-7 ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്കിന് മുൻകൂറായി നൽകിയത് ക്രമീകരിക്കാതെ അവശേഷിക്കുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1.KWA യ്ക്ക് നൽകിയ ഡെപ്പോസിറ്റ്

2018-19, 2019-20 സാമ്പത്തിക വർഷത്തെ AFS പ്രകാരം KWAയ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് (2018-19-ലെ ബി-18 ഷെഡ്യൂൾ പ്രകരം) | മുൻകൂർ നൽകിയ തുക(2019-20-ലെ AFS -ലെ RP-47 പ്രകാരം) | നീക്കിയിരിപ്പ് (2019-20-ലെ AFS -ലെ ബി-18 ഷെഡ്യൂൾ പ്രകാരം) |
|---|---|---|

| | | |
|---|---|---|
| 2212221 | 2033300 | 4245521 |

AFS പ്രകാരം 2018-19 വരെ KWAയ്ക്ക് മുൻകൂറായി നൽകിയ തുകയ്ക്കുള്ള പ്രവൃത്തി പൂർത്തീകരിക്കുകയോ വിനിയോഗസാക്ഷ്യപത്രം ലഭിക്കുകയോ ചെയ്തിട്ടില്ല.

2.KSEBയ്ക്ക് നൽകിയ ഡെപ്പോസിറ്റ്

2018-19, 2019-20 സാമ്പത്തിക വർഷത്തെ AFS പ്രകാരം KSEBയ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് (2018-19-ലെ ബി-18 ഷെഡ്യൂൾ പ്രകരം) | മുൻകൂർ നൽകിയ തുക(2019-20-ലെ AFS -ലെ RP-47 പ്രകാരം) | നീക്കിയിരിപ്പ് (2019-20-ലെ AFS -ലെ ബി-18 ഷെഡ്യൂൾ പ്രകാരം) |
|---|---|---|
| 500000/- | 1613013 | 2113013 |

AFS പ്രകാരം 2018-19 വരെ KSEBയ്ക്ക് മുൻകൂറായി നൽകിയ തുകയ്ക്കുള്ള പ്രവൃത്തി പൂർത്തീകരിക്കുകയോ വിനിയോഗസാക്ഷ്യപത്രം ലഭിക്കുകയോ ചെയ്തിട്ടില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19 ന് വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ലെന്ന മറുപടിയാണ് നൽകിയത്.

**എന്നാൽ** 4/10/2019-ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 4-ാം നമ്പർ തീരുമാന പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയതിൻമേൽ തുടർനടപടികൾ സ്വീകരിച്ചിതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. KSEBയ്ക്കും KWAയ്ക്കും വർഷങ്ങളായി നൽകിയ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്റർ ലഭ്യമാകാത്തതിനാൽ ആയതിന്റെ വിശദാംശം ലഭ്യമായില്ല. 20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ ഡെപ്പോസിറ്റ് വർക്കുകൾ അടിയന്തിരമായി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2-8 ചെലവുകൾ എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല

2018-19സാമ്പത്തിക വർഷത്തിൽ KWAയ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(111/2018-19) പദ്ധതിയ്ക്കായി 5,00,000/-രൂപയും അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ(92/2018-19) പദ്ധതിയ്ക്കായി 60,000/-രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ 2018-19, 2019-20 സാമ്പത്തിക വർഷത്തെ AFSൽ ഉൾപ്പെട്ടിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ KSEBയ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ(110/2018-19) പദ്ധതിയ്ക്കായി 4,99,872/-രൂപ മുൻകൂറായി നൽകുകയും 2,49,924/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ 2018-19, 2019-20 സാമ്പത്തിക വർഷത്തെ AFSൽ ഉൾപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19നുള്ള മറുപടിയിൽ 2018-19-ൽ നൽകിയ തുക അഡ്വാൻസ് ഹെഡിൽ ചേർക്കാതെയാണ് ചെലവഴിച്ചതെന്ന് അറിയിച്ചിരിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ ആയതിൽ പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടോ എന്നും വ്യക്തതയില്ല. 2018-19, 2019-20 സാമ്പത്തിക വർഷത്തെ AFS അഡ്വാൻസ് ഹെഡിലും അഡ്വാൻസ് രജിസ്റ്ററിലും ഉൾപ്പെടുത്താതെ ചെലവ് ചെയ്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി, പൂർത്തീകരണം എന്നിവ വിലയിരുത്താൻ സാധിക്കാതെ വരുന്നു. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2-9 നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാ എ.എഫ്.എസി-ൽ നിക്ഷേപതുകയിൽ വ്യത്യാസം

2019-20-ലെ ബി-12 ഷെഡ്യൂൽ പ്രകാരം 2,50,00,000/-രൂപ നിക്ഷേപമായിട്ടുണ്ട്. പ്രസ്തുത നിക്ഷേപവുമായി ബന്ധപ്പെട്ട് 2021-22 ലുള്ള നിക്ഷേപ സർട്ടിഫിക്കറ്റ്, നിക്ഷേപവുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയാണ്

പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ളത്. ഇന്ത്യൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള 1.5കോടി രൂപയുടെ പലിശ RP-8ൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ നിക്ഷേപവുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം യൂണിയൻ ബാങ്കിൽ 9.05.2019-ൽ നിക്ഷേപിച്ച 1കോടി രൂപയ്ക്ക് 27.09.2019-ൽ 2,65,989/- രൂപയും 28.03.2020 ൽ 3,48,023/- രൂപയുമാണ് ലഭിച്ചിട്ടുണ്ട്. നിക്ഷേപത്തുകയും മേൽ പലിശയും ചേർത്താണ് നിക്ഷേപം പുതുക്കിയിട്ടുള്ളത്. എന്നാൽ ആയത് 2019-20 എ.എഫ്.എസിലെ ബി-12 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. കോടികളുടെ നിക്ഷേപമുണ്ടങ്കിലും നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാലാണ് നിക്ഷേപത്തുകയിൽ വ്യത്യസം ഉണ്ടായത്. ആയത് തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2-10 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ലഭ്യമായ ഡെപ്പോസിറ്റ് രജിസ്റ്ററിൽ EMD ഡെപ്പോസിറ്റിനെ കുറിച്ചുള്ള വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. EMD യുടെ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ വ്യക്തതയില്ല. മാത്രമല്ല വിവിധ EMDകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കാൻ കഴിഞ്ഞില്ല. ബി-7 ഷെഡ്യൂളിലെ മറ്റ് ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ഇല്ല.ബി-7 ഷെഡ്യൂളിലെ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കാൻ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19നുള്ള മറുപടിയിൽ ആയത് ബോധ്യപ്പെടുത്തുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ച് നൽകുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## 1-2-11 അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല

2019-20 സാമ്പത്തിക വർഷത്തെ AFS ബി-18 ഷെഡ്യൂൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂറായി നൽകിയ തുകയിൽ 42,45,521/- രൂപയും KSEBയ്ക്ക് മുൻകൂറായി 21,13,013/- രൂപയും അഡ്വാൻസ് റ്റു അതേഴ്സ് ഇനത്തിൽ 10,22,408/- രൂപയും ക്രമീകരിക്കാതെ അവശേഷിക്കുന്നു. ആയത് പരിശോധിക്കുന്നതിനായി അഡ്വാൻസ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല. അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19 നുള്ള മറുപടിയിൽ അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-2-12 KSEBയ്ക്ക് മുൻകൂറായി നൽകിയ തുകകൾ RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല

പോസ്റ്റ് ഷിഫ്റ്റിംഗിനായി തനത് ഫണ്ടിൽ നിന്ന് താഴെ പറയുന്ന തുകകൾ KSEBയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം. | ചെക്ക് നം. | തുക |
|---|---|---|---|
| 1 | 21900315 തീ.8.07.2019 | 354930 തീ.6.7.19 | 7300/- |
| 2 | 21900375 തീ.26.07.2019 | 354930 തീ.25.7.19 | 26551/- |
| 3 | 21901134 തീ.6.7.19 | 630179 തീ.10.02.20 | 11403/- |

ആയത് AFSലെ RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 56 നുള്ള മറുപടിയിൽ ടി പറഞ്ഞ തുകകൾ ഡെപ്പോസിറ്റ് ചെയ്യാതെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചതാണെന്നും ആയതിനാലാണ് RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്താത്തതെന്നും സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നുമാണ് അറിയിച്ചത്. പ്രോജക്റ്റിൽ ഉൾപ്പെടുത്താതെ KSEBയ്ക്ക് മുൻകൂറായി നൽകുന്ന തുകകൾ RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തേണ്ടതും പണിപൂർത്തീകരിച്ചെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-2-13 അഡ്വാൻസ് റ്റു അദേഴ്സ് ഇനത്തിൽ നൽകിയ മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതാണ്

2018-19, 2019-20 സാമ്പത്തിക വർഷത്തെ AFS പ്രകാരം അഡ്വാൻസ് റ്റു അതേഴ്സ് ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് (2018-19-ലെ ബി-18 ഷെഡ്യൂൾ | മുൻകൂർ നൽകിയ തുക(2019-20-ലെ AFS -ലെ | മുൻകൂർ ക്രമീകരിച്ചത് | നീക്കിയിരിപ്പ് (2019-20-ലെ AFS -ലെ ബി-18 ഷെഡ്യൂൾ |
|---|---|---|---|

| | | | |
|---|---|---|---|
| പ്രകരം) | RP-47 പ്രകാരം) | (2019-20-ലെ AFS -ലെ RP-47 പ്രകാരം) | പ്രകാരം) |
| 805270 | 923618 | 1140756 | 1022408 |

ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19 നുള്ള മറുപടിയിൽ പ്രസ്തുത തുകയുടെ വിശദാംശം ബോദ്ധ്യപ്പെടുത്തുന്നതിന് വേണ്ടി MNREGS-ന്റെ രജിസ്റ്റർ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്.ജി.ഒ. (എം.എസ്.) 419/2011 ധനം 04.10.2011 പ്രകാരം മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും വ്യകതമാക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും തിരിച്ചുപിടിക്കേണ്ടതും തുക പിൻവലിച്ച തീയതി മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18 ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുമാണ്. പ്രസ്തുത തുകകൾ അടിയന്തിരമായി ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-14 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ കണക്കുകൾ അവതരിപ്പിച്ചതിന്റെയും ജനറൽ കമ്മറ്റിയ്ക്ക് സമർപ്പിച്ചതിന്റെയും രേഖകൾ ലഭ്യമല്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനിട്ട്സ് പരിശോധിച്ചതിൽ പ്രതിമാസ കണക്കുകൾ സ്റ്റാന്റിംഗ് കമ്മറ്റി ഓഡിറ്റ് ചെയ്തതിന്റെയും സ്റ്റാൻന്റിംഗ് കമ്മറ്റി ചെയർമാൻ പ്രതിമാസ കണക്കുകൾ ജനറൽ കമ്മറ്റിയ്ക്ക് സമർപ്പിച്ചതിന്റെയും രേഖകൾ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി 39 നുള്ള മറുപടിയിൽ എല്ലാ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൂടുകയും പ്രതിമാസ കണക്കുകൾ അവതരിപ്പിക്കുകയും ആയത് ജനറൽ കമ്മറ്റിയിൽ വായിക്കുകയും ചെയ്യാറുണ്ടെങ്കിലും ആയത് മിനിട്ട്സിൽ രേഖപ്പെടുത്താറില്ലെന്നും ആയത് ഇനിമുതൽ ശ്രദ്ധിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭിച്ചത്.

## 1-2-15 വരവുകൾ ഫ്രണ്ട് ഓഫീസിൽ ഹെഡ് മാറി രേഖപ്പെടുത്തുന്നു.

19230100995 തീ.15.5.19, 1192301001519 തീ.7.6.19, 119230102152 തീ.2 .07 .19 എന്നീ തീയതികളിലെ രസീതുകൾ പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിൽ ലഭിച്ച തുക D&O- ലൈസൻസ് ഫീ അതേഴ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 63 നുള്ള മറുപടിയിൽ ടി തുകകൾ ഫ്രണ്ട് ഓഫീസിൽ ഹെഡ് മാറി എടുത്തിട്ടുള്ളതാണെന്നും ആയത് നടപ്പ് സാമ്പത്തിക വർഷത്തിൽ പരിഹരിച്ച് നൽകുന്നതാണെന്നും അറിയിച്ചിരിക്കുന്നു. മേൽ അപാകത മൂലം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിൽ രജിസ്റ്റർ പ്രകാരം ലഭിച്ച തുക അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

## 1-2-16 വിവിധ പെൻഷനുകൾക്കായി ലഭിച്ച തുക DBT സ്റ്റേറ്റ്മെന്റിലും AFSലും വ്യത്യാസപ്പെട്ടിരിക്കുന്നു.

വിവിധ പെൻഷനുകൾക്കായി ലഭിച്ച തുക സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ DBT സ്റ്റേറ്റ്മെന്റിലും AFSലും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | DBT പ്രകാരം | AFS പ്രകാരം |
|---|---|---|---|
| 1 | SSA- Indira Gandhi National Oldage Pension | 28946700/- | 20801100/- |
| 2 | SSA-Pension For Agricultural Workers | 214800/- | 156000/- |
| 3 | SSA- Indira Gandhi National Destitute/ Widow Pension | 13868400/- | 10932000/- |
| 4 | SSA-Pension For Unmarried Women Above 50 Years | 466800/- | 354000/- |
| 5. | SSA- Indira Gandhi National Disabled Pension | 5825000 | 4172100/- |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 63 നുള്ള മറുപടിയിൽ സേവന സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ സേവന സോഫ്റ്റ് വെയറിലെ തുകയും AFS-ലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2-17 വാടകയിനത്തിലുള്ള കുടിശ്ശികയുള്ള തുകകൾ ഈടാക്കേണ്ടതാണ്.

ബാലൻസ്ഷീറ്റ് പ്രകാരം Rent Receivable From Building (Current) ഇനത്തിൽ 1,40,517/-രൂപയും Receivables From Usufructs Of Trees ഇനത്തിൽ 1,850/-രൂപയും ലഭിക്കാനുണ്ട്. പ്രസ്തുത തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 56 നുള്ള മറുപടിയിൽ പ്രസ്തുത തുക ലഭ്യമായിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് ഈടാക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2-18 ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത തുക പദ്ധതി നടപ്പിലാക്കാത്തതിനാൽ തിരികെ ഒടുക്കിയത് ബി-4 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 17.05.2019-ലെ 3-ാം നമ്പർ തീരുമാനപ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് വേണ്ടി കുടുംബശ്രീ മുഖേന ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത തുക കുടുംബശ്രീ ജില്ലാ മിഷനിൽ ഒടുക്കിയത് പദ്ധതി നടപ്പിലാക്കാത്തതിനാൽ ജില്ലാമിഷൻ പഞ്ചായത്തിന് കൈമാറുകയും ആയത് ഇൻഡ്യൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ആയതിൻമേൽ തുടർ നടപടി സ്വീകരിക്കുന്നതിന് സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ആവശ്യപ്പെടുന്നതിന് ജനറൽകമ്മറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശവും സ്വീകരിച്ച തുടർ നടപടികളുടെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 41 ന് ടി വിഷയത്തിൻ മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിരിക്കുന്നു. പ്രസ്തുത തുകയുടെ വിശദാംശമൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക എത്ര എന്ന് വ്യക്തമല്ല. എന്നാൽ 2019-20 ലെ എ.എഫ്.എസിൽ ബി-4 ഷെഡ്യൂളിലെ ബനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ യാതൊരു തുകയും നീക്കിയിരിപ്പില്ല. ആയതിനാൽ ഏത് ഹെഡിലാണ് പ്രസ്തുത തുക അക്കൗണ്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ല. പ്രസ്തുത തുക സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-2-19 അക്കൗണ്ട്സ് - മറ്റ് അപാകതകൾ

1.2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 നുള്ള മറുപടിയിൽ റേഷ്യോസ് സാംഖ്യ സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്യുന്ന മുറയ്ക്ക് നൽകുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

2.Accumulated Depreciation- Other Fixed Asset(Head Code - 411800101) പ്രകാരം നീക്കിയിരിപ്പുള്ള തുക(-4217612/-) ബന്ധപ്പെട്ട ആസ്തിയായ Other Fixed Asset(Head Code - 410800101)ലെ നീക്കിയിരിപ്പിന്റെ (4,98,469/-) തുകയെ അധികരിച്ചിരിക്കുന്നു. ആയതിന് വിശദീകരണം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 നുള്ള മറുപടിയിൽ Other Construction, Movable Asset, Other Fixed Asset ഹെഡുകൾക്ക് Accumulated Depreciation ഹെഡ് ഇല്ലാത്തതിനാലാണ് ടി മൂന്ന് ആസ്തികളുടെയും Depreciation Accumulated Depreciation- Other Fixed Asset എന്ന ഹെഡിൽ ബുക്ക് ചെയ്യുന്നതെന്നും ആയതിനാലാണ് പ്രസ്തുത ഹെഡിൽ തുക അധികരിച്ച് നിൽക്കുന്നതെന്നും അറിയിച്ചിരിക്കുന്നു.

3. Development Fund (General) ഇനത്തിൽ AFS, ACR പ്രകാരം ചെലവഴിച്ച തുക (23175398/-) Expenditure Statement പ്രകാരമുള്ള തുകയുമായി (27822568/-) പൊരുത്തപ്പെടുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 നുള്ള മറുപടിയിൽ പ്രസ്തുത ഫണ്ടിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകയാണ് Expenditure Statement-ൽ വരുന്നതെന്നും ആയത് ജേണൽ വൗച്ചർ പ്രകാരം സാംഖ്യയിൽ ഉൾപ്പെടുത്തി പൊരുത്തപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

4.Development Fund (SCP) ഇനത്തിൽ AFS, ACR പ്രകാരം ചെലവഴിച്ച തുക (4762660/) Expenditure Statement പ്രകാരമുള്ള തുകയുമായി (4886560/-) പൊരുത്തപ്പെടുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 നുള്ള മറുപടിയിൽ പ്രസ്തുത ഫണ്ടിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകയാണ് Expenditure Statement-ൽ വരുന്നതെന്നും ആയത് ജേണൽ വൗച്ചർ പ്രകാരം സാംഖ്യയിൽ ഉൾപ്പെടുത്തി പൊരുത്തപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

5.Maintenance Fund -Road Asset ഇനത്തിൽ AFS, Expenditure Statement പ്രകാരം ചെലവഴിച്ച തുക (5885228/) ACR പ്രകാരമുള്ള തുകയുമായി (9912830/-) പൊരുത്തപ്പെടുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 നുള്ള മറുപടിയിൽ ക്യൂ ബിൽ നിലനിൽക്കുന്നതിനാലാണ് ACR-ൽ വ്യത്യാസം കാണുന്നതെന്ന് അറിയിച്ചിരിക്കുന്നു.

6.KURDFC ലോണുമായി ബന്ധപ്പെട്ട ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 15 നുള്ള മറുപടിയിൽ രജിസ്റ്റർ പൂർത്തീകരിച്ച് ബോധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

7.Entertainment Tax ഇനത്തിൽ 96,687/- രൂപ വരവ് വന്നിട്ടുണ്ട്. പ്രസ്തുത വരവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 56 നുള്ള മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയതെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7,50,39,650/- |
| വരവ് | 15,09,57,440/- |
| ആകെ | 22,59,97,090/- |
| ചെലവ് | 16,28,75,058/- |
| നീക്കിയിരിപ്പ് | 6,31,22,032/- |

## 1-4-1 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 26151830 | 26151830 | 27822568 | -1670738 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10004059 | 10004059 | 4865601 | 5138458 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 23545804 | 23545804 | 5578136 | 17967668 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 19995000 | 19995000 | 5885228 | 14109772 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 73808000 | 73808000 | 6031192 | 1276808 |
| CSS | 0 | 0 | 0 | 124719 | -124719 |
| SSS | 0 | 0 | 0 | 21536000 | -21536000 |

ലഭ്യമായ ഫണ്ടിൽ വലിയ തുകകൾ ചെലവഴിക്കാതെ നഷ്ടമായിരിക്കുന്നു. പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ അപാകത വരുംവർഷങ്ങളിൽ പരിഹരിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥരും വിവിധ കമ്മിറ്റികളും നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ഏ.സി.ആർ ,എ.എഫ്.എസ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.എഫ്.എസ്, എ.സി.ആർ എന്നിവ പരിശോധിച്ചതിൽ വിവിധ ഫണ്ടിനങ്ങളിലെ വരവ്, ചെലവ് നീക്കിയിരിപ്പ് വ്യത്യാസമാണ്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഫണ്ടുകൾ എ.എഫ്.എസ്, എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | എ.എഫ്.എസ്,എ.സി.ആർ/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| Development Fund (General) | എ..എഫ്.എസ്/ എ.സി.ആർ | 23175398 | 2476432 |
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 27822568 | -1670738 |
| Development Fund (SCP) | എ..എഫ്.എസ്/ എ.സി.ആർ | 4762660 | 15241399 |
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 4865601 | 5138458 |
| Maintanance Fund (Road) | എ.സി.ആർ | 9912830 | 10082170 |
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 5885228 | 14109772 |
| SSS | എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | 21536000 | 0 |
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 21536000 | -21536000 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 65ന് മറുപടി ലഭ്യമായില്ല.

## 1-5 പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിൽ 2018-19 ൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 375583227 | 114 | 122628190 | 3 | 118 | 48.51 |

2019-20 ൽ പദ്ധതി ചെലവ് 32.65 % മാത്രമാണ്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം 8 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നു. എന്നാൽ പാഥേയം,അഗതിരഹിത കേരളം എന്നീ രണ്ട് പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. വികസനഫണ്ട് -എസ്.സി.പി. ആയി ആകെ മൂന്ന് പ്രോജക്ടുകൾക്കായി 12,75,000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഒരു പ്രോജക്ട് പോലും നടപ്പിലാക്കിയില്ല. നാല് പ്രോജക്ടുകൾക്കായി തനത് ഫണ്ടിനത്തിൽ 4,19,090/- വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചില്ല. വികസന ഫണ്ടിനത്തിൽ 21,52,690/- രൂപ വകയിരുത്തിയെങ്കിലും 10,13,280/- രൂപ മാത്രമാണ് ചെലവഴിച്ചത്. ജില്ലാ പഞ്ചായത്ത് വിഹിതമായി 10,19,520/- രൂപ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചില്ല.

സബ് ഇൻസ്പെക്ടർ ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി 7 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നുവെങ്കിലും രണ്ട് പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. വികസന ഫണ്ടിനത്തിൽ ആകെ 51,45,973/- രൂപ വകയിരുത്തിയതിൽ 2,48,069/- രൂപ മാത്രമാണ് ചെലവഴിച്ചത്.

അസിസ്റ്റന്റ് എഞ്ചിനീയർ ആകെ 125 പദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് തൻവർഷം അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 42 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ആകെ വകയിരുത്തിയ 7,62,04,713/- രൂപയിൽ 1,65,76,735/-രൂപ മാത്രമാണ് (21.75%) തൻവർഷം ചെലവഴിച്ചത്. മെയിന്റനൻസ് ഫണ്ട് റോഡിതരം, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നീ ഇനങ്ങളിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

2018-19ൽ പകുതിയോളം പദ്ധതികൾ നടപ്പാക്കിയെങ്കിലും ആകെ 235 പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ 32.65% മാത്രമാണ് ചെലവഴിച്ചത്. ഭാവിയിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

**സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല**

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 Xii (ഇ) പ്രോകാരം സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷംതന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സബ് ഇൻസ്പെക്ടർ ഫിഷറീസ്, അസി. എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി 2019-20 ൽ അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ ചുവടെ ചേർക്കുന്ന 12 പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 156 | മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് പുതിയ മേശയും കസേരയും നൽകൽ | 3,88,000/- | സബ് ഇൻസ്പെക്ടർ ഫിഷറീസ് |
| 2 | 159 | പഞ്ചായത്ത് ഓഫീസ് നവീകരണം | 2,15,585/- | അസി. എഞ്ചിനീയർ |
| 3 | 163 | പ്ലാസ്റ്റിക് മാലിന്യം തരം തിരിച്ച് ശേഖരിക്കൽ( കെട്ടിടനിർമ്മാണം) | 6,22,421/- | അസി. എഞ്ചിനീയർ |
| 4 | 168 | കോവിൽ വിളാകം റീടാറിംഗ് | 3,24,190/- | അസി. എഞ്ചിനീയർ |
| 5 | 172 | തുമ്പ സ്കൂൾ കെട്ടിട നിർമ്മാണം | 25,00,000/- | അസി. എഞ്ചിനീയർ |
| 6 | 173 | പി.എച്ച്.സി. ഹോസ്പിറ്റലിൽ മതിലും ആംബുലൻസ് ഇടുന്നതിനുള്ള ഷെഡും | 7,00,000/- | അസി. എഞ്ചിനീയർ |
| 7 | 175 | അംഗൻവാടി കെട്ടിട നിർമ്മാണം കഠിനംകുളം എൽ.പി.എസ് കോമ്പൗണ്ട് | 13,00,000/- | അസി. എഞ്ചിനീയർ |
| 8 | 176 | ശാന്തിപുരം തീരദേശറോഡ് പാർശ്വഭിത്തി & ഫില്ലിംഗ് രണ്ടാം ഘട്ടം | 6,50,000/- | അസി. എഞ്ചിനീയർ |
| 9 | 181 | തെക്കേ മുക്ക് കരിയിൽ റോഡ് റീടാറിംഗ് | 8,50,000/- | അസി. എഞ്ചിനീയർ |
| 10 | 184 | അംഗൻവാടി മെയിന്റനൻസ് | 8,80,904/- | അസി. എഞ്ചിനീയർ |
| 11 | 186 | തണൽ ഷെഡ് നിർമ്മാണം | 39,00,000/- | അസി. എഞ്ചിനീയർ |
| 12 | 223 | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ എയറോബിക് ബിൻ സ്ഥാപിക്കൽ | 6,80,000/- | അസി. എഞ്ചിനീയർ |

വിവിധ കാരണങ്ങളാൽ പ്രസ്തുത പദ്ധതികൾ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.01/09.09.2021)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷംതന്നെ പൂർത്തീകരിയ്ക്കണമെന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6-1 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 96004 | 1896675 | 1992679 | 1545107 | 447572 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 21699808 | 21699808 | 21699808 | 0 |
| ആകെ | 96004 | 23596483 | 23692487 | 23244915 | 447572 |

## 1-6-2 MNREGS വരവും ചെലവും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

MNREGS ഇനത്തിൽ Administrative Expenses -നായി ലഭ്യമായ വരവും ചെലവും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

രജിസ്റ്റർ പ്രകാരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 96004 | 1892675 | 1988679 | 1541107 | 447572 |

എ.എഫ്.എസ് പ്രകാരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 96004 | 1896675 | 1992679 | 1545107 | 447572 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി 39 നുള്ള മറുപടിയിൽ MNREGS-ൽ 100 ദിവസ വേതനം ലഭ്യമായ തുകയാണ് 4,000/- രൂപയെന്നും ആയത് സ്റ്റേറ്റ് സ്പോൺസേഡ് സ്കീം അതേഴ്സ് എന്ന ഹെഡിൽ രേഖപ്പെടുത്തിയതിനാലാണ് ഈ വ്യത്യാസം വന്നതെന്നും അറിയിച്ചിരിക്കുന്നു.

## 1-7 ക്ഷേമപദ്ധതികൾ

2019-20 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 70560 | 75 |
| കർഷകതൊഴിലാളി പെൻഷൻ | 214800 | 30 |
| വിധവ പെൻഷൻ | 13868400 | 2113 |
| വാർദ്ധക്യകാലപെൻഷൻ | 28946700 | 4048 |
| വികലാംഗപെൻഷൻ | 5825000 | 782 |
| വിവാഹധനസഹായം | 690000 | 23 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 466800 | 68 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 98,100/-രൂപ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| വാസുദേവനാശാരി | 102440201454 | വാർദ്ധക്യകാലം | 04.5.19 | ആക്ടീവ് | 06/19മുതൽ07/19 | 2400 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വരെ | |
| പൊന്നമ്മ | 102400200396 | വാർദ്ധക്യകാലം | 15.6.19 | ആക്റ്റീവ് | 07/19 | 1500 |
| ഫബിജോസഫ് | 102690600459 | വിധവാപെൻഷൻ | 12.12.19 | ആക്റ്റീവ് | 01/20മുതൽ 8/21വരെ | 12000 (600x20) |
| മുഹമ്മദ് ബഷീർ | 102690201857 | വാർദ്ധക്യകാലം | 04.12.19 | ആക്റ്റീവ് | 01/20മുതൽ08/21 വരെ (1200x3,1300x5, 1400x4,1500x3,1600x5) | 28200 |
| ജ്ഞാനസുന്ദരി | 102690203380 | വാർദ്ധക്യകാലം | 02.12.19 | സസ്പെന്റ് | 12/19മുതൽ 04/20വരെ | 3000 |
| നെപ്പോളിയൻ പെരേര | 102690202564 | വാർദ്ധക്യകാലം | 05.12.19 | സസ്പെന്റ് | 01/20 മുതൽ 04/20വരെ | 1800 |
| ക്ളീറ്റസ് പെരേര | 102690201880 | വാർദ്ധക്യകാലം | 10.12.19 | സസ്പെന്റ് | 01/20 മുതൽ 4/20വരെ | 4900 |
| വിമല | 102690202819 | വാർദ്ധക്യകാലം | 20.12.19 | സസ്പെന്റ് | 01/20 മുതൽ 04/20വരെ | 4900 |
| പങ്കജാക്ഷി | 102690200554 | വാർദ്ധക്യകാലം | 06.12.19 | സസ്പെന്റ് | 01/20 മുതൽ 04/20വരെ | 6300 |
| മേരി വിൻസന്റ് | 102690600930 | വിധവാപെൻഷൻ | 20.12.19 | സസ്പെന്റ് | 01/20 മുതൽ 4/20വരെ | 4900 |
| ഔസേപ്പ് | 102690203691 | വാർദ്ധക്യകാലം | 30.1.20 | സസ്പെന്റ് | 03/20 മുതൽ 4/20വരെ | 1200 |
| രാധാകൃഷ്ണൻ നായർ | 102690203993 | വാർദ്ധക്യകാലം | 28.2.20 | സസ്പെന്റ് | 03/20 മുതൽ 4/20വരെ | 2500 |
| സരസ്വതി | 102690601792 | വിധവാപെൻഷൻ | 22.2.20 | സസ്പെന്റ് | 03/20മുതൽ 4/20വരെ | 2500 |
| രത്നാകരൻ | 102590201181 | വാർദ്ധക്യകാലം | 09.2.20 | സസ്പെന്റ് | 03/20 മുതൽ 10/20വരെ | 10500 |
| ഓമന | 102690204208 | വാർദ്ധക്യകാലം | 15.2.20 | സസ്പെന്റ് | 03/20 മുതൽ 04/20വരെ | 2500 |
| | | | | | ആകെ | 89,100/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കഠിനംകുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2019-20 ന് ശേഷവും മേൽ അപാകത സംഭവിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 45 തീയതി 16.9.21ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 98,100/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-7-2 സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ

ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്ന എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| നം | പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | സിസിലി | 12.5.19 | 306052388673 | ആക്ടീവ് |
| 2 | അയിഷാബീവി | 23.9.19 | 651563365691 | ആക്ടീവ് |
| 3 | ഭാസുരാംഗി | 2.9.19 | 594877646136 | ആക്ടീവ് |
| 4 | സെബസ്റ്റ്യൻ പെരേര | 20.9.19 | 466353567099 | ആക്ടീവ് |
| 5 | സൽമ്മാബീവി | 18.9.19 | 788274728038 | ആക്ടീവ് |
| 6 | മൈക്കിൾ | 6.10.19 | 972820512890 | ആക്ടീവ് |
| 7 | കൃഷ്ണപിള്ള | 8.10.19 | 262305794124 | ആക്ടീവ് |
| 8 | സെയ്ദ്ഹുസൈൻ | 17.10.19 | 622458577715 | ആക്ടീവ് |
| 9 | നോർബർട്ട് ഗോമസ് | 20.11.19 | 380042024757 | ആക്ടീവ് |
| 10 | ട്രീസാപത്രോസ് | 17.1.20 | 818303172970 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 46തീ 16.9.21 ന് ലഭ്യമാക്കിയ മറുപടിയിൽ മസ്റ്ററിംഗ് പൂർത്തിയാവാത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നും ടി പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും അറിയിച്ചിട്ടുണ്ട്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2021 തീയതിയിൽ 10.55AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,225/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) വിവിധ മിനിട്സ് ബുക്കുകളുടെ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

2) പരിശോധനയ്ക്ക് ലഭ്യമാക്കിയ വിവധ രജിസ്റ്ററുകൾ തൃപ്തികരമായി എഴുതി സൂക്ഷിക്കുന്നില്ല.

3) പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്.

4) വിവധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി ഫലപ്രമാക്കേണ്ടതാണ്.

5) സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

6) അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ സ്ഥലപരിശോധന നടത്തി കൃത്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കാത്തത് കാരണവും, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തത് കാരണവും എസ്റ്റിമേറ്റുകൾ പുതുക്കി നിർവ്വഹണം നടത്താനിടയാക്കുന്നു.

7) മത്സരാധിഷ്ഠിത ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിക്കാതെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തുന്നു.

8) ഗുണഭോക്താക്കളുടെ മരണശേഷവും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതായി കാണുന്നു.
9) ഭൂരിഭാഗം നിർവ്വഹണോദ്യോഗസ്ഥരും നിർദിഷ്ട മാതൃകയിൽ ക്യാഷ് ബുക്ക് (TR7A) എഴുതി സൂക്ഷിക്കുന്നില്ല.
10)നിക്ഷേപ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ നിക്ഷേപ തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.05.2019 | 01/2019 മുതൽ 03/2019 വരെ | 16.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.09.2016 മുതൽ 17.10.2016 വരെ | 2011-12 മുതൽ 2015-16 വരെ | 18.11.2016 |

## 1-11 വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-2020 വർഷത്തെ വസ്തു നികുതി സംബന്ധിച്ച റിപ്പോർട്ടുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-11-1 നികുതിയിളവുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

2019-2020 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് നികുതിയിളവ് അനുവദിച്ചതു സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇപ്രകാരം 2019-2020 സാമ്പത്തിക വർഷം കെട്ടിട ഉടമകളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

2) ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No | NumBuildingID | New Ward No. | New Door No. | New Door NoSub | OwnerDetails | Plinth Area |
|---|---|---|---|---|---|---|
| 1 | 50269010022937 | 6 | 1226 | - | നിർമ്മലകുമാരി<br>(ലക്ഷ്മി വിഹാർ, ചിറ്റാറ്റുമുക്ക്, | 12 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ചിറ്റാറ്റുമുക്ക് പി ഒ,695301) | |
| 2 | 50269010023306 | 20 | 27 | 1 | ലിസ്സി (ലിസ്സി കോട്ടേജ്, പുതുക്കുറിച്ചി, പുത്തൻകുറിച്ചി പി ഒ,695303) | 55.22 |
| 3 | 50269010024192 | 12 | 100 | 1 | പീറ്റർ പെരേര .ജെ (പീറ്റേഴ്സ് കോട്ടേജ്, തുമ്പ, പള്ളിത്തുറ പി ഒ,695586) | 55.38 |
| 4 | 50269010024059 | 6 | 238 | 1 | മുഹമ്മദ് പാത്തുമ്മാൾ (ഹാപ്പിവില്ല, കോവോട്ട്മുക്ക്,ചിറ്റാറ്റുമുക്ക് പി ഒ,695301) | 55 |
| 5 | 50269010023503 | 1 | 272 | 1 | ജമീല(മരയ്ക്കാൻ വിളാകം, പുതുക്കുറിച്ചി, പുത്തൻകുറിച്ചി പി ഒ,695303) | 48.3 |

അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (28/15.09.2021)-ന മറുപടി ലഭ്യമായില്ല.

നികുതിയിളവുകൾ നൽകുന്നതോടൊപ്പം സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിക്കുന്ന രേഖകൾ സൂക്ഷിക്കുന്നതിനും ഓരോ സ്ഥാപനവും ബാധ്യസ്ഥരാണ്. ആയതിനാൽ പ്രസ്തുത രേഖകൾ കെട്ടിട ഉടമകളിൽ നിന്നും ഉടനെ ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. അപാകത വരുവർഷങ്ങളിൽ പരിഹരിക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും സെക്രട്ടറിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-2 ഫോറം 6 സൂക്ഷിക്കുന്നില്ല

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ , സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും ,അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

ഇപ്രകാരം സൂക്ഷിക്കേണ്ട ഫോം 6 സ്ഥാപനം സൂക്ഷിച്ചിട്ടില്ല. അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (28/15.09.2021)-ന മറുപടി ലഭ്യമായില്ല.

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച പ്രസ്തുത നടപടിക്രമം പാലിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷകളിന്മേൽ സ്ഥലപരിശോധന നടത്തി വിവരം ഫോറം 6 ൽ ശേഖരിച്ച ശേഷം മാത്രം നികുതി നിർണ്ണയം നടത്തേണ്ടതാണ്. പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-3 വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തി തുക ഡിമാന്റ് ചെയ്യുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നാളിതുവരെയും നികുതി നിർണയം നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ 8,10,12 വാർഡുകൾ മാത്രം പരിശോധിച്ചതിൽ വസ്തു നികുതി ഇളവ് നൽകാത്ത താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തി തുക ഡിമാന്റ് ചെയ്യുകയോ നികുതി തുക പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ | വാർഡ്/ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ | വിസ്തീർണ്ണം | നികുതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| നമ്പർ | കെട്ടിട.നമ്പർ | | ഉപയോഗക്രമം | | നിലവിൽ വന്ന വർഷം |
| 1 | 10/84 | അശോകൻ(സരിത ഭവൻ പുതുവൽ മണക്കാട്,ചിറ്റാറ്റുമുക്ക് പി ഒ) | പാർപ്പിടാവശ്യം | താഴത്തെ നില (63 ച മീ ) | 2013-Ist Half |
| 2 | 10/86 | ഗിരിജകുമാരി(മണക്കാട്ടിൽ വീട്,മേനംകുളം) | പാർപ്പിടാവശ്യം | താഴത്തെ നില (66 ച മീ ) | 2013-Ist Half |
| 3 | 10/263 | അനുഗ്രഹ ഭവൻ(ക്യാൻറീൻ) | പാർപ്പിടാവശ്യം | താഴത്തെ നില (110 ച മീ ) | 2013-Ist Half |
| 4 | 10/265 | അനുഗ്രഹ ഭവൻ | പാർപ്പിടാവശ്യം | താഴത്തെ നില (180 ച മീ ) | 2013-Ist Half |
| 5 | 10/346 | ട്രീസ ചാക്കോ(കല്ലറയ്ക്കൽ ഹൌസ്,പാർവ്വതി നഗർ) | പാർപ്പിടാവശ്യം | താഴത്തെ നില (120 ച മീ ) | 2013-Ist Half |
| 6 | 12/825 | മാനേജർ സിതാർ എഞ്ചിനിയേഴ്സ്(കിൻഫ്ര) | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | താഴത്തെ നില (75 ച മീ ) | 2013-Ist Half |
| 7 | 8/117 | വസന്ത വിജയചന്ദ്രൻ(ആയില്ല്യം,ചിറ്റാറ്റുമുക്ക് പി ഒ,695301) | പാർപ്പിടാവശ്യം | താഴത്തെ നില (84 ച മീ ) | 2013-Ist Half |
| 8 | 8/169 | സക്കീർ ഹുസൈൻ(ഫാത്തിമ വില്ല,ചിറ്റാറ്റുമുക്ക് പി ഒ,695301) | പാർപ്പിടാവശ്യം | താഴത്തെ നില (81 ച മീ ) | 2013-Ist Half |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (29/15.09.2021)-ന മറുപടിയായി 1993-94 വർഷത്തെ വസ്തുനികുതിയ്ക്ക് അനുസൃതമായാണ് 2011-ൽ പുനർനിർണ്ണയം നടത്തിയിട്ടുള്ളതെന്നും 1993-94 വർഷം നികുതി രേഖപ്പെട്ടുയിട്ടില്ലാത്തതിനാലാണ് 2011-ലെ പുനർനിർണ്ണയത്തിൽ നികുതി ഈടാക്കാൻ സാധിക്കാത്തതെന്ന മറുപടി നൽകി. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ കണ്ടെത്തി അടിയന്തിരമായി നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി.

ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി നർണയം നടത്താത്തതു സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ പിഴവാണ്. സഞ്ചയയിലെ അപാകത ഉടനെ പരിഹരിക്കേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11-4 സഞ്ചയ- സാംഖ്യ എൻട്രികൾ കാലികമാക്കുന്നില്ല

വസ്തു നികുതി റസീപ്റ്റ് വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു.

1) 2019-20 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽഡിംഗ് ഐഡി, വാർഡ്, ഡോർ നമ്പർ | വർഷം, കാലയളവ് | റസീപ്റ്റ് നമ്പർ | റസീപ്റ്റ് തീയതി | തുക | കളക്ഷൻ വർഷം | അപ്രൂവൽ | എൻട്രി മോഡ് | ക്യാൻസൽ ചെയ്ത റെസീപ്റ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1 | 5026901000202311(Vilayilkulam) 546 | 2019 First Half | 119230100693 | 02/05/2019 | 454 | 2019 | Approved | Jansevana Kendram/Front Office | Printer Fault |
| | 5026901000202311(Vilayilkulam) 546 | 2019 Second Half | 119230100693 | 02/05/2019 | 454 | 2019 | Approved | Jansevana Kendram/ Front Office | |

പ്രസ്തുത രസീതു വിവരങ്ങൾ ഡേ ബുക്ക് പരിശോധിച്ചതിൽ എൻട്രി ഇല്ലാത്തവയാണ്.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (67/20.09.2021)-ന് മറുപടി ലഭ്യമായില്ല.

പ്രസ്തുത അപാകത സംഭവിച്ച സഞ്ചയയിലെ മുഴുവൻ എൻട്രികളും കണ്ടെത്തി ഉടനെ റസീപ്റ്റ് വിവരങ്ങൾ കാലികമാക്കേണ്ടതാണ്. ഇപ്രകാരം വസ്തുനികുതിയിനത്തിൽ ലഭ്യമാകേണ്ട തുകകൾ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി പുതിയ റസീപ്റ്റ് വിവരങ്ങൾ സഞ്ചയയിൽ നൽകി അപാകതകൾ പരിഹരിച്ച റിപ്പോർട്ട് കൃത്യമായ റസീപ്റ്റ് വിവരങ്ങളടക്കം ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്. വരുവർഷങ്ങളിൽ പ്രസ്തുത അപാകത സംഭവിക്കാതെ എൻട്രികൾ കാലികമാക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റയും സെക്രട്ടറിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

2) 2019-20 വർഷം സംഖ്യ വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുകകൾ സഞ്ചയ സോഫ്റ്റ് വെയറിൽ റസീപ്റ്റ് വിവരങ്ങൾ ഇല്ലാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ബിൽഡിംഗ് ഐഡി | വാർഡ് നമ്പർ | ഡോർനമ്പർ | ഉടമയുടെ വിവരങ്ങൾ | വർഷം, കാലയളവ് | തുക |
|---|---|---|---|---|---|
| 50269010004229 | 3 | 133 | ബേബി (ഇടക്കാട്ടിൽ, കഠിനംകുളം, ചാന്നാങ്കര പി.ഒ, 695301) | 2013 First Half | 114 |
| 50269010004229 | 3 | 133 | ബേബി (ഇടക്കാട്ടിൽ, കഠിനംകുളം, ചാന്നാങ്കര പി ഒ,695301) | 2013 Second Half | 113 |
| 50269010004234 | 3 | 625 | സുരേന്ദ്രൻ (സുജ ഭവൻ, ചാന്നാങ്കര, ചാന്നാങ്കര പി ഒ,695301) | 2013 Second Half | 101 |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (29/15.09.2021) ലഭ്യമായ മറുപടിയിൽ പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

റസീപ്റ്റ് വിവരങ്ങൾ കാലികമാക്കി സഞ്ചയയിൽ എൻട്രി ചെയ്ത് അപാകതകൾ പരിഹരിക്കേണ്ടതാണ്. വരുവർഷങ്ങളിൽ പ്രസ്തുത അപാകത സംഭവിക്കാതെ എൻട്രികൾ കാലികമാക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും സെക്രട്ടറിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-11-5 മൊബൈൽ ടവറിൽ നിന്ന് വസ്തുനികുതി, കുടിശ്ശിക നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ ടവറിൽ നിന്ന് വസ്തുനികുതി, കുടിശ്ശിക നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ- കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി പ്രാബല്യത്തിൽ വരുന്ന തിയതി | വർഷം | അടവാക്കു വാനുള്ള തുക |
|---|---|---|---|---|---|
| 1 | (3)കണ്ടവിള- 750 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 2015 First Half | 2015-2016 I Half, II Half | 677/- |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (34/15.09.2021)-ന വസ്തു നികുതിയിനത്തിൽ ലഭ്യമാകാനുള്ള തുകയിൽ 526/- രൂപ 25.06.2015 -നും (റസീപ്റ്റ് നമ്പർ 11517101857) ബാക്കി തുകയായ 151/- രൂപ 13.04.2021- നും (റസീപ്റ്റ് നമ്പർ 121290400001) ഒടുക്കിയതായി മറുപടി നൽകി.

എന്നാൽ സ്ഥാപനത്തിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (68/20.09.2021)-ന മറുപടി ലഭ്യമായില്ല.

നികുതി അടവാക്കിയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ നൽകി കാലികമാക്കേണ്ടതാണ്. ലഭ്യമാകാനുള്ള കുടിശ്ശിക 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള പിഴയടക്കം ഈടാക്കി ഓഡിറ്റിനെ രേഖകളോടൊപ്പം അറിയിക്കേണ്ടതാണ്. പ്രസ്തുത അപാകതകൾ വരുംവർഷങ്ങളിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും സെക്രട്ടറിയും കൂടുതൽ ജാഗരൂകരാകേണ്ടതാണ്.

### 1-12 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച ഫയലുകൾ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു.

### 1-12-1 സ്ഥാപനനികുതി ഈടാക്കിയിട്ടില്ല

ലഭ്യമാക്കിയ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ആകെ 110 സ്ഥാപനങ്ങൾ സാമ്പത്തിക വർഷം പഞ്ചായത്തു പരിധിയിൽ പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ ഈ 110 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി 2019-2020 സാമ്പത്തിക വർഷം ഈടാക്കിയതു സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത അപാകതയെ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (70/22.09.2021) മറുപടി ലഭ്യമായില്ല.

സാമ്പത്തിക വർഷം പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കി പ്രസ്തുത വിവരം രേഖകളോടൊപ്പം ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്.

സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി സ്ഥാപനനികുതി ഈടാക്കേണ്ടതാണ്. പ്രസ്തുത അപാകത പരിഹരിക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-12-2 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുകയും പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിനുമേൽ പ്രവൃത്തി നടത്തുകയും ചെയ്ത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര്/ പദ്ധതി നമ്പർ | പ്രവർത്തിയുടെ കാലാവധി |
|---|---|---|
| 1 | ശശിധരൻ നായർ ജി/22, | 6 മാസം |

| | | |
|---|---|---|
| | 45,101,197 | |
| 2 | ഹാരി ഓസ്റ്റിൻ/ 49,54,60,84, 91,104,118 | 6 മാസം |
| 3 | അജി പി/53,93,202,215 | 4 മാസം |
| 4 | റ്റി ഗോപകുമാർ/61,232 | 4 മാസം |
| 5 | ശരത് രാജ് ആർ ബി/ 78,95,97,120,195 | 4 മാസം |
| 6 | പ്രശാന്ത് ഡി/79 | 4 മാസം |
| 7 | ബി മോഹനൻ/98,119 | 4 മാസം |
| 8 | ഷിബു എസ്/102 | 6 മാസം |
| 9 | എ ഷിബു/107 | 4 മാസം |
| 10 | എ മോഹനകുമാരൻ നായർ/108 | 6 മാസം |
| 11 | നാജാ എസ് ജെ/111 | 3മാസം |
| 12 | പ്രവീൺ ഡി/189,203,211 | 3 മാസം |
| 13 | ഷിനാബുദ്ദീൻ എസ്/194,198,205,206,210 | 6 മാസം |
| 14 | ആർ ഗോപകുമാരൻ നായർ/204 | 4 മാസം |
| 15 | അനിൽകുമാർ ബി/212 | 4 മാസം |

പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (59/18.09.2021) കരാറുകാർക്ക് തൊഴിൽനികുതി അടച്ചതിന്റെ രസീത് ഹാജരാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന മറുപടി നൽകി.

തൊഴിൽനികുതി പ്രസ്തുത കരാറുകാരിൽ നിന്നും ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഉടനെ ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-2020 വർഷത്തെ ലൈസൻസ് സംബന്ധമായ രജിസ്റ്ററുകളും ലഭ്യമായ അപേക്ഷകളിൽ 60 അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-13-1 രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

1) 2019-2020 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) 2019-2020 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസ് ഇനത്തിലുള്ള വരവ് 191190/- രൂപയാണ്. എന്നാൽ എ എഫ് എസ് പ്രകാരമുള്ള വരവ് 160900/- രൂപയാണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പ്രസ്തുത വ്യത്യാസത്തിനു കാരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (13/13.09.2021) മറുപടിയായി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കി. എന്നാൽ തുകകൾ പൊരുത്തപ്പെടാത്തതു സംബന്ധിച്ച അപാകതയ്ക്ക് വിശദീകരണം ലഭ്യമായില്ല.

രജിസ്റ്ററുകൾ കൃത്യമായ ഇടവേളകളിൽ സെക്രട്ടറി പരിശോധിച്ച സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ചിരിക്കുന്ന തുകകൾ സംബന്ധിച്ചിട്ടുള്ള അപാകതയ്ക്ക് മറുപടി ഉടനെ ഓഡിറ്റിനെ അനുബന്ധരേഖകളോടൊപ്പം ഹാജരാക്കേണ്ടതാണ്.

### 1-13-2 ലൈസൻസ് രജിസ്റ്ററുകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

2019-2020 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന എണ്ണം സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിരിക്കുന്നു/ പുതുതായി എടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | രജിസ്റ്റർ പ്രകാരമുള്ള എണ്ണം |
|---|---|---|
| 1 | വ്യവസായ സ്ഥാപനങ്ങൾ | 296 |
| 2 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | 16 |
| 3 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | 1 |
| ആകെ | | 313 |

എന്നാൽ സഞ്ചയ പ്രകാരം താഴെപ്പറയുന്ന പ്രകാരമുള്ള എണ്ണം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു.

| ക്രമ നമ്പർ | ഇനം | സഞ്ചയ പ്രകാരമുള്ള റിക്കോർഡ്സിന്റെ എണ്ണം |
|---|---|---|
| 1 | റിസോർട്ടുകൾ | 2 റിക്കോർഡ്സ് |
| 2 | ഇതര വ്യവസായങ്ങൾക്കാവിശ്യമുള്ളവ | 62 റിക്കോർഡ്സ് |
| 3 | ഓഫീസ് ആവിശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 72 റിക്കോർഡ്സ് |
| 4 | വാണിജ്യാവിശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 3 റിക്കോർഡ്സ് |
| 5 | വാണിജ്യാവിശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 2 റിക്കോർഡ്സ് |
| 6 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 22 റിക്കോർഡ്സ് |
| 7 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 1627 റിക്കോർഡ്സ് |
| 8 | വാണിജ്യാവിശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കംപ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷനുകൾ | 57 റിക്കോർഡ്സ് |
| 9 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം,കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ | 34 റിക്കോർഡ്സ് |
| ആകെ | | 1881 |

പ്രസ്തുത വ്യത്യാസത്തിനു കാരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (23/14.09.2021) സഞ്ചയ പ്രകാരമുള്ള വാണിജ്യാവിശ്യത്തിനുള്ള കെട്ടിടങ്ങളിൽ ഏറിയ പങ്കം അടഞ്ഞുകിടക്കുന്നവയാണെന്നും ബാക്കിയുള്ളവയിൽ പ്രവർത്തിക്കുവാൻ പഞ്ചായത്തിന്റെ ലൈസൻസ് ആവിശ്യമില്ലാത്ത സ്ഥാപനങ്ങൾ (ഗവ. അംഗീകൃത ഫിനാൻഷ്യൽ സ്ഥാപനങ്ങൾ, ബാങ്കുകൾ, സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സംബന്ധമായ കെട്ടിടങ്ങളുടെ ഓഫീസുകൾ, പ്രത്യേക സാമ്പത്തിക മേഖലയായി പരിഗണിച്ചിട്ടുള്ള കിൻഫ്ര അപ്പാരൽ പാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ) ഉണ്ടെന്നും മറുപടി നൽകി. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയെങ്കിലും അവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളെ സംബന്ധിച്ച് വിവരങ്ങളും അവയിൽ നിന്നും പിഴ ഈടാക്കിയതു സബന്ധിച്ച വിവരങ്ങളും ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഉടനടി നടപടികൾ സ്വീകരിക്കുന്നതിലും രജിസ്റ്ററുകൾ കാലികമാക്കുന്നതിലേക്കും സെക്രട്ടറിയുടെയും മറ്റ് ഘടകങ്ങളുടെയും ശ്രദ്ധ ക്ഷണിക്കുന്നു. അപാകത പരിഹരിക്കുന്നതോടൊപ്പം പ്രസ്തുത അപാകത വരുംവർഷങ്ങളിൽ സംഭവിക്കാതെ സൂക്ഷിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13-3 ലൈസൻസ് സമയബന്ധിതമായി പുതുക്കുന്നില്ല

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പ ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

എന്നാൽ ചുവടെപ്പറയുന്ന അപേക്ഷകർ ലൈസൻസ് പുതുക്കുന്നതിനായി മേൽ പരാമർശിച്ച സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ബിലേറ്റഡ് ഫീ ഈടാക്കിയിട്ടില്ല.

| ക്രമനം | അപേക്ഷകന്റെ പേര്, സ്ഥാപനം | ലൈസൻസ് പുതുക്കി നൽകാൻ അപേക്ഷിച്ച തീയതി |
|---|---|---|
| 1 | രമാദേവി, പി ആർ ഏജൻസീസ്, KP VI/503 | 12/04/2019 |
| 2 | ഫ്രാൻസിസ് പി, മത്സ്യവ്യാപാരം, KP XX/18 | 20/04/2019 |
| 3 | രാജേന്ദ്രൻ കെ, വിഷ്ണു ഫ്ലോർ മിൽ, KP XXI/180 | 05/04/2019 |
| 4 | സജിതാ ബീവി, കാർ സർവ്വീസ് സ്റ്റേഷൻ, KP IV/210 | 04/04/2019 |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (13/13.09.2021) പഞ്ചായത്തും ഹെൽത്ത് ഡിപ്പാർട്ട്മെന്റും സംയുക്തമായി സ്ക്വാഡ് രൂപീകരിച്ച് നടത്തിയ പരിശോധനയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിരുന്ന കടകളിൽ നിന്നു പിഴ ഈടാക്കിയതു വഴി 21000/-രൂപ 2019-2020 സാമ്പത്തിക വർഷം സമാഹരിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. എന്നാൽ പ്രസ്തുത തുക സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോയെന്നും ഈടാക്കിയ

പിഴയുടെ കൃത്യതയും പരിശോധിക്കാനായില്ല. പ്രസ്തുത തുക വാർഷികധനകാര്യപത്രികയിൽ ഏതു ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന മറുപടിയിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

ആയതിനാൽ രജിസ്റ്ററിൽ വിവരങ്ങൾ ഉൾപ്പെടുത്തി കാലികവും കൃത്യവുമാക്കി പരിശോധനയ്ക്ക് ഉടനെ ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്.

പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-13-4 സ്ഥലപരിശോധന റിപ്പോർട്ടുകൾ അപൂർണ്ണം

ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ സ്ഥല പരിശോധന നടത്തി വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വില്പന നടത്തുന്നില്ല എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണോയെന്നും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്നും അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെപ്പറഞ്ഞിട്ടുള്ള അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | ഫയൽ നമ്പർ | അപാകത |
|---|---|---|---|
| 1 | ഗോപൻ എസ്, അമ്മ സ്റ്റോർ | A4/1977/19 Dtd 12/03/2019 | അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 2 | രമാദേവി, പി ആർ ഏജൻസീസ്, KP VI/503 | A4/2362/19 Dtd 12/04/2019 | ജോലിക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല |
| 3 | ആന്റണി ജോൺ, സീ ബേയ് ഫിഷറീസ് പ്രൈ. ലിമിറ്റഡ്. KP XV/132-137 | A4/2298/19 Dtd 23/03/2019 | അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 4 | ഫ്രാൻസിസ് പി, മത്സ്യവ്യാപാരം, KP XX/18 | A4/2799/2019 Dtd 20/04/2019 | അപേക്ഷയിൽ തീയതി, ജോലിക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 5 | ബിനോദ് സിഡ്നി, കേരളീയ ആയുർവേദ നിലയം, KP XV/81 | B4/6977/19 Dtd 30/10/2019 | ജോലിക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (13/13.09.2021) പ്രസ്തുത അപാകത പരിഹരിക്കുന്നതിൽ മേലിൽ ശ്രദ്ധ ചെലുത്തുന്നതാണെന്ന മറുപടി നൽകി.

അപേക്ഷകൾ സ്വീകരിക്കുമ്പോൾ തന്നെ അവ പൂർണ്ണമാണെന്ന ഉറപ്പുവരുത്തേണ്ടതാണ്. പൂർണ്ണമല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതു മൂലം അപേക്ഷനിൽ നിന്നും ഈടാക്കിയ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

ഇപ്രകാരമുള്ള വരുമാന നഷ്ടം വരുംവർഷങ്ങളിൽ ഉണ്ടാകാതെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും സെക്രട്ടറിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-13-5 ലൈസൻസ് ഫീസ്-മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിലെ റൂൾ2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം 'ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്

സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2019- 2020 സാമ്പത്തിക വർഷത്തിൽ 296 അപേക്ഷകരിൽ നിന്നായി 191190/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡ പ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (13/13.09.2021) 2019-2020 സാമ്പത്തിക വർഷം മുതൽ സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെന്ന മറുപടി നൽകി.

ലഭ്യമാകുന്ന അപേക്ഷകളിൽ മൂലധന നിക്ഷേപം സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന വരുവർഷങ്ങളിൽ അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ ഉറപ്പ് വരുത്തേണ്ടതാണ്. പ്രസ്തുത അപാകത പരിഹരിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയെ ക്ഷണിക്കുന്നു.

## 1-13-6 യന്ത്രങ്ങളുടെ ഫീസ് ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്നവയുടെ സംഗതികളിൽ സ്ഥാപിക്കാൻ അനുവാദം നൽകുന്നതിനും ചട്ടം 18 പ്രകാരം ഉപയോഗിക്കാൻ ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും ചട്ടങ്ങളുടെ പട്ടിക III പ്രകാരം വെവ്വേറെ ഫീസ് ഈടാക്കണം.

എന്നാൽ ചുവടെപ്പറഞ്ഞിട്ടുള്ള അപേക്ഷകളിൽ ഇപ്രകാരം ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | ഫയൽ നമ്പർ | യന്ത്രത്തിന്റെ വിവരം അപേക്ഷയിൽ ലഭ്യമായത് |
|---|---|---|---|
| 1 | പ്രദീപ് മോസ്സസ്, അനുഷ്കാ എൻജിനീയറിംഗ് വർക്ക്സ് | A4/5036/19 Dtd 02/08/2019 | 5 HP |
| 2 | കുമാർ കെ,<br>കെ എസ് ഹോളോ ബ്രിക്സ് | A4/2292/19 Dtd 23/03/2019 | 8 HP |
| 3 | പി ഗോപാലകൃഷ്ണൻ നായർ,<br>ശ്രീ ദുർഗ്ഗാ ഫ്ലോർ മിൽ | A4/1775/19 Dtd 05/03/2019 | 10 HP |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (13/13.09.2021) ക്രമനമ്പർ 1,3 പ്രകാരമുള്ള അപേക്ഷകരിൽ നിന്നും യന്ത്രങ്ങളുടെ പ്രവർത്തനത്തിനുള്ള ഫീസ് ഈടാക്കിയിട്ടില്ലെന്നും ക്രമനമ്പർ 2 പ്രകാരമുള്ള അപേക്ഷനിൽ നിന്നും ഈടാക്കിയ ഫീസ് ഡി ആന്റ് ഒ ലൈസൻസ് എന്ന ഹെഡ്ഡിലാണ് ഒടുക്കിയിട്ടുള്ളതെന്നും മറുപടി നൽകി.

ഫീസ് ഈടാക്കുവാനുള്ള അപേക്ഷകരിൽ നിന്നും ഫീസ് പിഴയടക്കം ഈടാക്കി രേഖകളോടൊപ്പം പരിശോധനയ്ക്ക് ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്. ഫീസ് സ്വീകരിക്കുമ്പോൾ അവ കൃത്യമായ ഹെഡ്ഡിൽ തന്നെ ഉൾപ്പെടുത്തുന്നതിൽ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ലൈസൻസുകൾ നൽകുമ്പോൾ ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ സ്ഥാപനം പാലിച്ചുണ്ടെന്ന ഉറപ്പ് വരുത്തേണ്ടതാണ്. ഫീസ് കൃത്യമായി ഈടാക്കുന്നതിൽ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും വലിയ വീഴ്ച സംഭവിച്ചതിനാൽ വരവിൽ വലിയ കുറവു വന്നിട്ടുണ്ട്. ഈ അപാകതയിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഫീസ് ഈടാക്കുമ്പോൾ അപേക്ഷകൾ പരിശോധിച്ച്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ്

നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ ചട്ടം പ്രകാരമുള്ള എല്ലാ ഇനങ്ങൾക്കും ഫീസ് ഈടാക്കിയിട്ടുണ്ടെന്നും ബിലേറ്റഡ് ഫീ കൃത്യമായി കണക്കാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തി മാത്രം ലൈസൻസ് നൽകേണ്ടതാണ്.

## 1-14 ലേലത്തുക ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-2020 വർഷത്തെ ലേലം സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രജിസ്റ്റർ സമയബന്ധിതമായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (57/18.09.2021) രജിസ്റ്റർ സാക്ഷ്യപ്പെടുത്തി ഹാജരാക്കി.

രജിസ്റ്ററുകൾ കാലികമായും കൃത്യമായ ഇടവേളകളിൽ സാക്ഷ്യപ്പെടുത്തിയും സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-14-1 ലേലത്തുക സമയബന്ധിതമായി ഈടാക്കുന്നില്ല

1. വാടക ഇനത്തിൽ ലഭ്യമാകാനുള്ള തുക പൂർണ്ണമായും താഴെപ്പറയുന്ന കടമുറികളിൽ നിന്നും ഈടാക്കിയിട്ടില്ല.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലം നടന്ന ഇനം | ലേലം പിടിച്ച വ്യക്തി | ലേലം പ്രകാരമുള്ള തുക (ഒരു മാസം) | ആകെ വാടക | അടവാക്കിയ തുക | അടവാക്കാനുള്ള തുക |
|---|---|---|---|---|---|---|
| 1 | ചിറ്റാറ്റുമുക്ക് മാർക്കറ്റിലെ പുതിയ കടമുറി-1 (KP VI/642/1 ) | സേവ്യർ ഫ്രാൻസിസ്, ചിറ്റാറ്റുമുക്ക് | 6600/- | 6600 X 8 = 52800/- | 6600 X 5 = 33000/- | 19800/- |
| 2 | ചിറ്റാറ്റുമുക്ക് മാർക്കറ്റിലെ പുതിയ കടമുറി-3 (KP VI/642/3) | മഹേഷ് എം, ചിറ്റാറ്റുമുക്ക് | 5700/- | 5700 X 8 = 45600/- | 6384 X 2 = 12768/- | 32832/- |
| 3 | ചിറ്റാറ്റുമുക്ക് മാർക്കറ്റിലെ പുതിയ കടമുറി-4 (KP VI/642/4) | രാജീവ്, കഴക്കൂട്ടം | 5500/- | 5500 X 8 = 44000/- | 5500 X 6 = 33000/- | 11000/- |
| 4 | ചിറ്റാറ്റുമുക്ക് മാർക്കറ്റിലെ പുതിയ കടമുറി-5 (KP VI/642/5) | സജീദ്, ചിറ്റാറ്റുമുക്ക് | 6000/- | 6000 X 8 = 48000/- | (6000 X 6 ) + (5820 X 1) = 41820/- | 6180/- |
| 5 | ചിറ്റാറ്റുമുക്ക് മാർക്കറ്റിലെ പുതിയ കടമുറി-6 (KP VI/642/6) | ശ്രീകുമാർ, പള്ളിത്തുറ | 6500/- | 6500 X 8 = 52000/- | 6500 X 3 = 19500/- | 32500/- |
| 6 | ചിറ്റാറ്റുമുക്ക് മാർക്കറ്റിലെ പുതിയ | ബിനു, രാഹുൽ ഭവൻ | 6100/- | 6100 X 8 = 48800/- | 6100 X 3 =18300/- | 30500/- |

| | | | | | | |
|---|---|---|---|---|---|---|
| | കടമുറി-7 (KP VI/642/7) | | | | | |
| 7 | ചിറ്റാറ്റുമുക്ക് മാർക്കറ്റിലെ പുതിയ കടമുറി-9 (KP VI/642/9)(SC) | വാമദേവൻ, ആറ്റിൻകുഴി | 4000/- | (4000 X 1/2) + (4000 X 6 ) = 26000/- | (4000 X 1/2) + (4000 X 1) = 6000/- | 20000/- |

അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (57/18.09.2021) ക്രമ നമ്പർ 1 പ്രകാരമുള്ള ബാക്കി തുകകയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ 2 മുതൽ 7 വരെയുള്ളവർ വാടക ഒഴിവാക്കണമെന്ന കാണിച്ച് കത്തു നൽകിയിട്ടുണ്ടെന്നും മറുപടി നൽകി.

2. താമരക്കുളം ഭാഗത്തെ തെങ്ങിൽ നിന്നുള്ള ആദായം എടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു തുക ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ലേലം നടന്ന ഇനം | ലേലം പിടിച്ച വ്യക്തി | ലേലം പ്രകാരമുള്ള തുക | അടവാക്കിയ തുക | അടവാക്കാനുള്ള ബാക്കി തുക |
|---|---|---|---|---|---|
| 1 | താമരക്കുളം ഭാഗത്തെ തെങ്ങിൽ നിന്നുള്ള ആദായം എടുക്കുന്നതിനുള്ള അവകാശം | അബ്ദുൽ ലത്തീഫ്, ചിറ്റാറ്റുമുക്ക് | 7700/- | 6554/- | 1146/- |

അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (57/18.09.2021) ഒടുക്കാനുള്ള ബാക്കി തുകകയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി നൽകി.

ലേലം ഇനത്തിൽ ലഭ്യമാകാനുള്ള തുകകൾ ഈടാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച ഗുരുതരമാണ്. ആയതിനാൽ ലഭ്യമാകാനുള്ള തുകകൾ ഉടനെ പിഴയടക്കം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്.

വരുംവർഷങ്ങളിൽ ലേലത്തുക സമയബന്ധിതമായി ഈടാക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-15 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ കഠിനംകുളം ഗ്രാമ പഞ്ചായത്തിൽ 2019-20 കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കിയിട്ടുള്ള തുകയുടെ ഒരു ശതമാനം ഏതാനും പ്രവൃത്തികളിൽ നിന്നും ഈടാക്കി തനത് ഫണ്ടിലേക്ക് ഒടുക്കുവരുത്തിയിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 136/19 | ചിറ്റാറ്റുമുക്ക് മാർക്കറ്റ് നിലവിലുള്ള കെട്ടിടത്തിന്റെ മെയിന്റനൻസ് |
| 2 | 145/20 | പുതുക്കുറിച്ചി ബീച്ച് റോഡ് മെറ്റലിംഗ് & ടാറിംഗ് |

| | | |
|---|---|---|
| 3 | 178/20 | ചിറയ്ക്കൽ ലക്ഷം വീട് സൈഡ് വാൾ ഫുട്പാത്ത് നിർമ്മാണം |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 22/14.09.2021) അസി. എൻജിനീയർ സമർപ്പിച്ച മറുപടിയിൽ മരാമത്ത് പ്രവൃത്തികളിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കിയിട്ടുള്ള തുകയുടെ ഒരു ശതമാനം ഈടാക്കി തനത് ഫണ്ടിലേക്ക് ഒടുക്കു വരുത്തണം എന്നത് സംബന്ധിച്ച അറിവില്ലായ്മ കാരണമാണെന്നാണ് അറിയിച്ചത്. നിലവിൽ എല്ലാ പ്രവൃത്തികളിൽ നിന്നും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കിയിട്ടുള്ള തുകയുടെ ഒരു ശതമാനം ഒടുക്കു വരുത്തി വരുന്നു. ഭാവിയിൽ ഇത്തരം ന്യൂനതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്തിൽ നിന്നും പൂർണ്ണമായും ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല

2015 ജനവരി മുതൽ 2019 മേയ് 31 വരെ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിലെ ഇ ടെണ്ടർ വെബ്സൈറ്റ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടുമായാണ് ബന്ധിപ്പിച്ചിരുന്നത്. 2015 ജനവരി ഏപ്രിൽ മുതൽ 2019 മേയ് 31 വരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പോയ ഇ ടെണ്ടർ ഫീസായ 5,17,669/- രൂപ 2020 മാർച്ച് മാസം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ തിരികെ നൽകിയിട്ടുണ്ട് എന്നും പ്രസ്തുത തുക കഠിനംകുളം പഞ്ചായത്ത് തനത് ഫണ്ടിലേക്ക് നൽകിയതായി ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 21/14.9.2021) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. 2019 ജൂൺ മുതൽ പ്രസ്തുത ഇനത്തിൽ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് പോയ തുക ഇതുവരെയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

2019 മാർച്ച് മാസം മുതൽ ടെണ്ടർ ഇനത്തിൽ വരുന്ന തുക അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള 3712630924-ാം നം അക്കൗണ്ടിലേക്കാണ് ഒടുക്കു വരുത്തുന്നത് അസി.എഞ്ചിനീയർ 2018-19 വർഷത്തെ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയുട്ടുള്ളത്. എന്നാൽ ഇപ്പോഴും ഈ ഇനത്തിൽ തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. 2019 ജൂൺ മുതലുള്ള ടെണ്ടർ തുക എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് വേണ്ടിയുള്ള അപേക്ഷ NIC (തിരുവനന്തപുരം)യിൽ കൊടുത്തിരുന്നുവെന്നും 2021 സാമ്പത്തിക വർഷം മുതലാണ് NIC യിൽ നിന്നും മാപ്പ് ചെയ്ത് കിട്ടിയത് എന്നും അറിയിച്ചു. 2019 ഏപ്രിൽ മുതൽ 2021 വരെയുള്ള ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് പോയത് തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക പൂർണ്ണമായും ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 1-17 ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല -252769/- രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർനം.21900065 തീ.12.04.19 പ്രകാരം 123251/-രൂപ (Cheque No.6031776 Dt.11.04.19)പഞ്ചായത്ത് ഓഫീസിന് മുൻവശത്തെ ഗേറ്റ് മെയിന്റനൽസ്, ചുറ്റുമതിൽ പെയിന്റിംഗ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായും വൗച്ചർനം.21900066 തീ.12.04.19 പ്രകാരം 129518/-രൂപ (Cheque No.6031777 Dt.11.04.19) പഞ്ചായത്ത് ഓഫീസിന് മുൻവഷത്ത നെയിംബോർഡ് നിർമ്മിക്കുന്നതിനുമായി SIDCO-യ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

പ്രസ്തുത ചെലവമായി ബന്ധപ്പെട്ട് SIDCO-യ്ക്ക് നൽകിയ വർക്ക് ഓർഡർ, എം-ബുക്ക്, എസ്റ്റിമേറ്റ്, ഫൈനൽ ബിൽ, SIDCO-യുമായി ഏർപ്പെട്ട കരാർ എന്നിവ പരിശോധനയ്ക്കായി ലഭ്യമായില്ല. ആയത് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം - 64ന് നൽകിയ മറുപടിയിൽ എം-ബുക്ക് SIDCO നൽകിട്ടില്ലെന്നും ആയത് ഹാജരാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും മറ്റ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

2.പ്രസ്തുത പ്രവർത്തികൾക്കായി സിഡ്കോയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വക്തമല്ല. മാത്രമല്ല സിഡ്കോയുടെ സാങ്കേതിക പരിജ്ഞാനം, പ്രവർത്തി നടത്തിയതിന്റെ കഴിവ്, അനുയോജ്യത എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണോ പ്രവർത്തി ഏൽപ്പിച്ചതെന്നും വ്യക്തമല്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ പ്രസ്തുത പ്രവൃത്തികൾ മുൻ വർഷങ്ങളിൽ അസി.എൻജിനീയറുടെ പ്രോജക്റ്റായും സ്പിൽ ഓവറായും നടപ്പിലാക്കാൻ എടുത്തെങ്കിലും അസി.എൻജിനീയർ ടി പ്രവർത്തി നടപ്പിലാക്കിയില്ല.എന്നാൽ ഗ്രാമപഞ്ചായത്തിന് ISO നേടുന്നതിനായി ടി പ്രവർത്തികൾ അനിവാര്യമായതിനാലും SIDCO-യുടെ തന്നെ ഓഫീസ് ഫർണിഷിംഗ് വർക്ക്

നടന്നുകൊണ്ടിരിക്കുന്നതിനാലുമാണ് SIDCO-യ്ക്ക് പ്രസ്തുത വർക്ക് നൽകിയതെന്നും അറിയിച്ചിരിക്കുന്നു. മരാമത്ത് പ്രവർത്തികളിൽ സാങ്കേതിക പരിജ്ഞാനം അല്ലാത്ത SIDCO-യ്ക്ക് പ്രസ്തുത വർക്ക് നൽകിയത് അംഗീകരിക്കാവുന്നതല്ല.

3.സ.ഉ(അച്ചടി)നം.87/2017 തസ്വഭവ തീയതി 1.11.2017 പ്രകാരം 1.01.2017ന് ശേഷം പൂർത്തീകരിച്ച പ്രവർത്തികളുടെ ബില്ലുകൾ നൽകുമ്പോൾ 2% ജി.എസ്.ടി കിഴിവ് വരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 9% കേന്ദ്ര നികുതി 9% സംസ്ഥാനികുതി എന്നിവ ഉൾപ്പെട്ട തുകയാണ് SIDCO നൽകിയത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ SIDCOയിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്.

4.2017-18 സാമ്പത്തിക വർഷത്തിൽ മാർച്ച് മാസത്തിലാണ് പേമെന്റ് ആവശ്യപ്പെടുകയും(Invoice No .CELTVM/18-19/510 Dt.23.03.19 Rs.123251/-, Invoice No .CELTVM/18-19/509 Dt.23.03.19 Rs.129518/-)2019 ഏപ്രിൽ മാസത്തിൽ തുക നൽകുകയും ചെയ്തു. എന്നാൽ ആയത് 2019-20 വർഷത്തെ എ.എഫ്.എസിലെ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വ്യക്തമായ മറുപടിയും രേഖകളും ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 2,52,769/- രൂപ തടസ്സപ്പെടുത്തുന്നു.ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനയോഗവും ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

ഇപ്രകാരം ഫണ്ട് പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രസ്തുത അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (33/15.09.2021) ദുരിതാശ്വാസ നിധി രൂപികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി നൽകി.

സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിച്ചിരിക്കുന്ന ഫണ്ടുകൾ രൂപീകരിക്കുന്നതിലും അവയുടെ വിനിയോഗത്തിലും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ദുരന്തനിവാരണ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ ത.സ്വ.ഭവ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്.

ഈ സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. അടിയന്തിര പ്രതികരണ ടീമിന്റെ ( Emergency Response Team) രൂപീകരണം.

2."ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ.

3. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും.

4. ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ.

ഈ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (32/15.09.2021) മറുപടി നൽകിയത്. എന്നാൽ പ്രസ്തുത പ്രവർത്തനങ്ങൾ സംബന്ധിച്ച അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രസ്തുത പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങൾ പരിശോധനയ്ക്ക് ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്.

## 1-20 ഗ്രാമപഞ്ചായത്തിലേക്ക് എ.സി. വാങ്ങൽ പദ്ധതി- വ്യവസ്ഥകൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഗ്രാമപഞ്ചായത്തിലേക്ക് എ.സി. വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 130/20 |
| അടങ്കൽ | 7,95,000/-<br>തനത് ഫണ്ട് |
| ചെലവ് | 6,97,976/- |
| ബിൽ നം/വൗച്ചർ നം | 21901348/23.3.20 |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ഗ്രാമപഞ്ചായത്തിലേക്ക് എ.സി. വാങ്ങൽ പദ്ധതിക്കായി 6,97,976/- രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സിഡ്കോയ്ക്ക് നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ പൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല. പൊക്യൂർമെന്റ് കമ്മിറ്റി വാങ്ങൽ നടപടികൾ പരിശോധിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ജി ഓ (ആർ ടി) നം 3299/2016/ തസ്വഭവ തീ 2.12.2016 പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധനങ്ങൾ വാങ്ങാവുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമാണ്. വോൾട്ടാസ് കമ്പനിയുടെ 4 എസികളാണ് 6,97,976/- രൂപയ്ക്ക് വാങ്ങിയിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 03തീയതി 13.09.21ന്റെ മറുപടിയിൽ നടപടി ക്രമങ്ങൾ പാലിച്ചാണ് സിഡ്കോയിൽ നിന്നും പർച്ചേസ് നടത്തിയത് എന്നറിയിച്ചിട്ടുണ്ട്. ജി ഓ (പി) നം 7/2019/എസ് പി ഡി തീ 26.4.2019പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലേസ് ( GeM ) വഴി മാത്രമേ സാധനങ്ങൾ വാങ്ങാവൂ എന്ന് നിർദ്ദേശിക്കുന്നു. ആയതിനാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 എ.സി. ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ സിഡ്കോയ്ക്ക് 31,500/- രൂപ അധികം നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | എ.സി. വയ്ക്കുന്നതിന് ഭൗതിക സാഹചര്യം ഒരുക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 222/20 |
| അടങ്കൽ | 6,00,000/-<br>തനത് ഫണ്ട് |
| ചെലവ് | 5,99,820/- |
| ബിൽ നം/വൗച്ചർ നം | 21901349/19.3.20 |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ എ.സി. വയ്ക്കുന്നതിന് ഭൗതിക സാഹചര്യം ഒരുക്കൽ എന്ന പദ്ധതിക്കായി 5,99,820/-രൂപ ചെലവാക്കിയിട്ടുണ്ട്. എസികൾ സ്ഥാപിക്കുന്നതിനായി വയറിങ്ങ് ചെയ്യൽ, സ്വിച്ച് സോക്കറ്റ് മാറ്റുക, ഡോർ, വിൻഡോ ഫിക്സിങ്ങ് മുതലായവയായിരുന്നു പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. എ.സി. വയ്ക്കുന്നതിന് ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി സിഡ്കോ ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ എ.സി. ഇൻസ്റ്റലേഷൻ ചാർജ്ജായി 31,500/- രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്. സിഡ്കോയിൽ നിന്നും വോൾട്ടാസ് കമ്പനിയുടെ 14 എ.സി.കൾ 6,97,976/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. (പ്രോജക്ട് നം. 130/20 ). എ.സി. ലഭ്യമാക്കുന്ന സ്ഥാപനത്തിന്റെ ചുമതലയാണ് അതിന്റെ ഇൻസ്റ്റലേഷനും. 15.2.20ന് പഞ്ചായത്തും സിഡ്കോയും തമ്മിൽ ഏർപ്പെട്ട കരാറിലെ ഖണ്ഡിക 14 പ്രകാരം പർച്ചേസ് നടത്തുന്ന ആൾ പറയുന്ന സമയത്തും സ്ഥലത്തും മെഷീനറി സ്ഥാപിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്. മാത്രമല്ല വോൾട്ടാസ് കമ്പനിയുടെ അംഗീകൃത ഡീലർ എസികൾ ഇൻസ്റ്റലേഷൻ ചെയ്തതിന്റെ രസീതുകളും ഫയലിൽ ലഭ്യമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 04 തീയതി 13.09.21ന്റെ മറുപടിയിൽ സിഡ്കോയ്ക്ക് നൽകാനുള്ള 31,500/- രൂപ കുറവ് ചെയ്ത തുകയ്ക്കുള്ള എസ്റ്റിമേറ്റാണ് വോൾട്ടാസ് സമർപ്പിച്ചിരുന്നത് എന്നുള്ളത് അംഗീകരിക്കുവാൻ സാധിക്കുകയില്ല. കാരണം സിഡ്കോയുടെ എസ്റ്റിമേറ്റനുസരിച്ചാണ് പഞ്ചായത്ത് തുക

നൽകിയിരിക്കുന്നത്. ആയതിനാൽ എ.സി. വയ്ക്കുന്നതിന് ഭൗതിക സാഹചര്യം ഒരുക്കൽ പദ്ധതിയിൽ എ.സി. ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ സിഡ്കോയ്ക്ക് നൽകിയ 31,500/- രൂപ സിഡ്കോയിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-22 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ഫൈനൽ ബിൽ ലഭ്യമല്ല 1,21,410/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ഗ്രാമപഞ്ചായത്തിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 187/20,188/20 |
| അടങ്കൽ | 2,10,000/- (187/20)<br>2,50,000/- (188/20) |
| ചെലവ് | 1,86,661/- (187/20)<br>1,21,410/- (188/20) |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കൾക്കായി യഥാക്രമം 1,86,661/- രൂപ 1,21,410/-രൂപ ചെലവാക്കി കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ കെൽട്രോണിൽ നിന്നുള്ള ഫൈനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് നം. 188/20 പ്രകാരം 1,21,410/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ 1,15,758/- രൂപയുടെ ഇ വേ ബില്ലാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.05തീയതി 13.09.21ന്റെ മറുപടിയിൽ ഫൈനൽ ബിൽ ലഭ്യമാക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. ഇ വേ ബിൽ പ്രകാരമുള്ള തുകയിലും കെൽട്രോണിന് നൽകിയിരിക്കുന്ന തുകയിലും വ്യത്യാസം ഉള്ളതിനാൽ ഉപകരണങ്ങളുടെ കൃത്യമായ വില മനസ്സിലാക്കുന്നതിന് കെൽട്രോണിൽ നിന്നുള്ള ഫൈനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഫൈനൽ ബിൽ ലഭ്യമാക്കുന്നതു വരെ 1,21,410/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫൈനൽ ബിൽ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 തെരുവു വിളക്കുകളുടെ ചാർജ്ജ് അടവാക്കൽ പദ്ധതി- കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവു വിളക്കുകളുടെ ചാർജ്ജ് അടവാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 39/20 |
| അടങ്കൽ | 24,25,500/- |
| ചെലവ് | 21,14,835/- |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവു വിളക്കുകളുടെ ചാർജ്ജ് അടവാക്കൽ പദ്ധതിക്കായി 21,14,835/- രൂപ ചെലവാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡിഎ1/7/2019 തീയതി 21.2.2019 പ്രകാരം നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം അവയിൽ പ്രവർത്തിക്കാത്തവ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ഏതിനത്തിലുള്ള വിളക്കുകളുടെ വൈദ്യുതചാർജ്ജാണ് ഒടുക്കി വരുന്നത് എന്ന് വ്യക്തമാക്കുന്ന തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല . ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.06 തീയതി 13.09.21ന്റെ മറുപടിയിൽ സംയുക്ത പരിശോധന നടത്തുവാൻ കെ.എസ്.ഇ.ബി തയ്യാറാകുന്നില്ല എന്ന് അറിയിച്ചിരിക്കുന്നു. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിൽ പ്രവൃത്തനക്ഷമമായ തെരുവു വിളക്കുകളുടെ മാത്രം ചാർജ്ജ് അടവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് വേതനം നൽകൽ , ഇലക്ട്രീഷ്യൻമാരെ തിരഞ്ഞെടുത്തിരിക്കുന്നതിൽ അപാകത.

| | |
|---|---|
| പദ്ധതിയുടെ പേര് | സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് വേതനം നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 15/20 |
| അടങ്കൽ | 4,00,000/-<br>തനത് ഫണ്ട് |
| ചെലവ് | 1,74,800/- |
| ബിൽ നം/വൗച്ചർ നം | 51900911/4.1.20,51900989/1.2.20,51901048/13.2.20,51901121/4.3.20 |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് വേതനം നൽകൽ പദ്ധതിക്കായി 1,74,800/-രൂപ ചെലവാക്കിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിനായി ദിവസവേതനാടിസ്ഥാനത്തിൽ 2 ഇലക്ട്രീഷ്യൻമാരെ തിരഞ്ഞെടുത്ത് തനതു ഫണ്ടിൽ നിന്നും അവർക്ക് വേതനം നൽകുക എന്നതായിരുന്നു പദ്ധതി. ഇലക്ട്രീഷ്യൻമാരെ തിരഞ്ഞെടുക്കുന്നതിനായി 27.9.19ന് ഇന്റർവ്യൂ നടത്തുകയും പങ്കെടുത്ത 4 പേരിൽ നിന്ന് ബിനുകുമാർ, ബിജി ഭവൻ, കഴക്കൂട്ടം എന്നയാളെയും ശശി.ജി, പുളിയറവീട്, കഴക്കൂട്ടം എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു. ഇന്റർവ്യൂ നടത്തിയത് ആരൊക്കയാണ്-സെലക്ഷന് ഭരണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നുള്ള വിഷയങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ബിനുകുമാറിനൊപ്പം സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുന്നത് ഇന്റർവ്യൂവിൽ പങ്കെടുക്കാത്ത ശിവകുമാർ, പ്ളാവറവിളാകത്തുവീട്, കഴക്കൂട്ടം എന്നയാൾക്കാണ്. ശ്രീ. ശിവകുമാറിന്റെ ലൈസൻസ് തരം, കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 07തീയതി 13.09.21ന്റെ മറുപടിയിൽ ശ്രീ. ശിവകുമാറിനെ ബിനുകുമാറിന്റെ സഹായിയായി മാത്രമാണ് തെരഞ്ഞെടുത്തത് എന്ന് അറിയിച്ചിരിക്കുന്നു. ശിവകുമാറിനും ബിനുകുമാറിന് നൽകിയിരിക്കുന്നതുപോലെ പ്രതിദിനം 700/- രൂപാ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല.

തെരഞ്ഞെടുത്ത ഇലക്ട്രീഷ്യൻമാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഫയലിൽ ഉണ്ടായിരുന്ന മുദ്രപത്രത്തിൽ ഒന്നും എഴുതിയിട്ടില്ല. ഇലക്ട്രീഷ്യൻമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിനായി വാഹനം വാടകയ്ക്ക് എടുത്തതിന്റെ രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. ഇലക്ട്രീഷ്യൻമാർക്ക് സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് കെ.എസ്.ഇ.ബി അംഗീകരിച്ച യോഗ്യതകൾ ഉണ്ടോ എന്ന് കൃത്യമായി വിലയിരുത്തുകയും ഇലക്ട്രീഷ്യൻമാരുമായി കൃത്യമായി കരാറിൽ ഏർപ്പെടുന്നതിനും ശ്രദ്ധിക്കേണ്ടതും. മേൽ അപാകങ്ങൾ സംബന്ധിച്ച് കൃത്യമായ വിശദീകരണം നല്കേണ്ടതുമാണ്.

## 1-25 ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ -പദ്ധതി പൂർത്തികരണം വൈകുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 26/20 |
| അടങ്കൽ | 20,00,000/- |

| | |
|---|---|
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 5,12,718/- |
| ബിൽ നം/വൗച്ചർ നം | 17/20-21, 22/20-21 |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്കായി 5,12,718/- രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. 2019-20 വർഷം നടപ്പിലാക്കേണ്ട പ്രോജക്ടിനു കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് 9.9.2020ൽ മാത്രമാണ്. കരാറിൽ പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള തീയതി രേഖപ്പെടുത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.12.2018ലെ ഡി.എ1/881/2018 നം സർക്കുലർ പ്രകാരം കെ.എസ്.ഇ.ബിയിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്ന പ്രവൃത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് കൃത്യമായി മോണിറ്റർ ചെയ്യണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം 08തീയതി 13.09.21ന്റെ മറുപടിയിൽ പൂർത്തികരണപത്രം കെ.എസ്.ഇ.ബിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതി എത്രയും പെട്ടെന്ന് പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഒ എഫ് സി കണക്ഷന് സെക്യൂരിറ്റി ഡിപ്പോസിറ്റ് പദ്ധതി-വാടക ഇനത്തിൽ നൽകിയ തുക ക്രമീകരിക്കണം

| പദ്ധതിയുടെ പേര് | ഒ എഫ് സി കണക്ഷന് സെക്യൂരിറ്റി ഡിപ്പോസിറ്റ് |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 227/20 |
| അടങ്കൽ | 1,51,181/- തനത് ഫണ്ട് |
| ചെലവ് | 1,51,181/- |
| ബിൽ നം/വൗച്ചർ നം | 51900615/16.10.19 |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ഒ എഫ് സി കണക്ഷന് സെക്യൂരിറ്റി ഡിപ്പോസിറ്റ് നൽകൽ പദ്ധതിക്കായി 1,51,181/- രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ സ്ഥാപിക്കുന്ന സി.സി. ടി വി ക്യാമറകൾക്ക് കേബിൾ വലിക്കുന്നതിനായി കെ.എസ്.ഇ.ബി. പോസ്റ്റുകൾ ഉപയോഗിക്കുന്നതിനുള്ള വാടകയും സെക്യൂരിറ്റി ഡിപ്പോസിറ്റിനുമായാണ് തുക നൽകിയത്. തുക നൽകിയെങ്കിലും കെ എസ് ഇ ബിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. എന്നാൽ 2019-20 വർഷം സി സി ടി വി ക്യാമറകൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് തുകയിൽ നിന്നും ചെലവൊന്നും നടത്തിയിട്ടില്ല. ആയതിനാൽ കെ എസ് ഇ ബിയുടെ പോസ്റ്റുകളിൽ കൂടി 2019-20 വർഷം കേബിൾ വലിക്കാത്തതിനാൽ പോസ്റ്ററുകളുടെ വാടകയിനത്തിൽ നൽകിയ 1,18,110/- രൂപ അടുത്ത വർഷങ്ങളിലെ വാടക ഇനത്തിൽ വരവു വയ്ക്കുന്നതിന് കെ.എസ്.ഇ.ബിയോട് ആവശ്യപ്പെടാവുന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 09തീയതി 13.09.21ന്റെ മറുപടിയിൽ കെ.എസ്.ഇ.ബിയിൽ നിന്നും എൻ.ഒ.സി ലഭിക്കുന്നതിനു വേണ്ടിയാണ് തുക ഒടുക്കിയത് എന്നറിയിച്ചിട്ടുണ്ട്. NOC ലഭിക്കുന്നതിനായി സെക്യൂരിറ്റി ഡിപ്പോസിറ്റ് അടവാക്കിയതിനാൽ മറുപടി അംഗീകരിക്കാനാവില്ല. കെ.എസ്.ഇ.ബിയുമായി കരാർ ചമയ്ക്കുന്നതിനും വാടക ഇനത്തിൽ നൽകിയ തുക ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പദ്ധതി - പത്രപരസ്യം നൽകിയിരിക്കുന്നത് ക്രമപ്രകാരമല്ല.

| പദ്ധതിയുടെ പേര് | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 04/20 |

| | |
|---|---|
| അടങ്കൽ | 6,00,000/- തനത് ഫണ്ട് |
| ചെലവ് | 93,999/- |
| ബിൽ നം/വൗച്ചർ നം | 5919007/10.2.20 |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പദ്ധതിയുടെ ഭാഗമായി പത്രങ്ങളിൽ പരസ്യം നൽകിയതിന് 74,999/-രൂപ ചെലവായിട്ടുണ്ട്. പത്രപരസ്യം നൽകിയിരിക്കുന്നത് "GSK Communications" എന്ന ഏജൻസി വഴിയാണ്. പത്രങ്ങൾക്ക് നേരിട്ട് പരസ്യം നൽകാമെന്നിരിക്കേ ഏജൻസി വഴി നൽകുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. പത്രസ്ഥാപനങ്ങളിൽ നിന്നുള്ള ബില്ലുകൾക്ക് പകരം ഏജൻസിയുടെ ബില്ലുകളെ അടിസ്ഥാനമാക്കിയാണ് തുക നൽകിയിരിക്കുന്നത്. ആയതിനാൽ പരസ്യങ്ങളുടെ യഥാർത്ഥ നിരക്ക് വ്യക്തമല്ല.

ജി.ഒ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഒ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യ നിരക്ക് പി & എ ആർ ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണം. അത്തരത്തിൽ ഡിസ്കൗണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. സർക്കാർ ഉത്തരവു പ്രകാരം അർഹതപ്പെട്ട കിഴിവ് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10 തീയതി 13.09.21ന്റെ മറുപടിയിൽ ഏജൻസി വഴിയാണ് പരസ്യം നൽകിയതെങ്കിലും കുറഞ്ഞ തുകയാണ് ഒടുക്കിയിരിക്കുന്നത് എന്നറിയിച്ചിരിക്കുന്നു. പത്രങ്ങളിൽ പരസ്യം നൽകുമ്പോൾ സർക്കാർ സ്ഥാപനങ്ങൾക്ക് അർഹമായ കിഴിവ് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-28 കുടിവെള്ള ചാർജ്ജ് അടവാക്കൽ- വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കുടിവെള്ള ചാർജ്ജ് അടവാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 40/20 |
| അടങ്കൽ | 19,52,880/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 19,52,880/- |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ കുടിവെള്ള ചാർജ്ജ് അടവാക്കൽപദ്ധതിക്കായി 19,52,880/- രൂപ ചെലവാക്കിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ തിട്ടപ്പെടുത്തിയ വാട്ടർ ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് വരുന്നത്. ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയ പൈപ്പുകളിൽ കേടായ പൈപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡിഎ1/7/2019 തീയതി 21.2.2019 പ്രകാരം പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കണ്ടുപിടിക്കുന്നതിനായി പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്തമായി പരിശോധന നടത്തിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 11തീയതി 13.09.21ന്റെ മറുപടിയിൽ വാട്ടർ അതോറിറ്റി സംയുക്ത പരിശോധനയ്ക്ക് തയ്യാറായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിൽ പ്രവൃത്തനക്ഷമമായ പൈപ്പുകളുടെ മാത്രം വെള്ളചാർജ്ജ് അടവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി- സെന്റേജ് ചാർജ്ജ് അധികം നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 28/20 |
| അടങ്കൽ | 20,00,000/- |

| | |
|---|---|
| | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 20,00,000/- |
| ബിൽ നം/വൗച്ചർ നം | 18/19/23.10.19 |

2019-20 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്കായി 20,00,000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാറിൽ കരാർ തീയതി രേഖപ്പെടുത്തിയിട്ടില്ല. 2020 മാർച്ച് 31ന മുമ്പ് പൂർത്തിയാക്കേണ്ട പ്രസ്തുത പ്രവർത്തിയുടെ തുടർ വിവരങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കേണ്ടതാണ്.

GO(Rt) No. 30/2018/PWD Dt 05.1.2018 പ്രകാരം പി.ഡബ്ല്യൂ.ഡി റോഡ് കട്ടിംഗ് റെസ്റ്ററേഷൻ ചാർജ്ജിന്റെ നിരക്കിൽ സെന്റേജ് ചാർജ്ജ് ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്കായി വാട്ടർ അതോറിറ്റി എ.ഇ. ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ റോഡ് റെസ്റ്ററേഷൻ ചാർജ്ജിന് വീണ്ടും സെന്റേജ് ചാർജ്ജ് കണക്കാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക | | നൽകാവുന്ന തുക | | അധികം നൽകിയത് |
|---|---|---|---|---|
| ലേബർ ചാർജ്ജ് | 918173.40 | ലേബർ ചാർജ്ജ് | 918173.40 | |
| മെറ്റീരിയൽ | 620120.25 | മെറ്റീരിയൽ | 620120.25 | |
| റോഡ് റെസ്റ്ററേഷൻ ചാർജ്ജ് | 100800.00 | ആകെ | 1538293.65 | |
| ആകെ | 1639093.65 | | | |
| സെന്റേജ് @10% | 163909.36 | സെന്റേജ് @10% | 153829.37 | 10080/- |
| ജി എസ് ടി | 196691.24 | | | |
| റൗണ്ട്ഓഫ് | 305.75 | | | |
| ആകെ | 2000000 | | | |

റോഡ് റെസ്റ്ററേഷൻ ചാർജ്ജായ 1,00,800/- രൂപ ഒഴിവാക്കിയ തുകയ്ക്കാണ് സെന്റേജ് ചാർജ്ജ് കണക്കാക്കേണ്ടിയിരുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 12തീയതി 13.09.21ന്റെ മറുപടിയിൽ ഈ വിഷയം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ വർഷങ്ങളിലെ തുകയിൽ അഡ്ജസ്റ്റ് ചെയ്യുന്നതിന് ആവശ്യപ്പെടുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. 23.10.19 ന് വാട്ടർ അതോറിറ്റി എ.ഇ ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ച് 24.10.19ന് തന്നെ തുക കൈമാറിയിരിക്കുന്നു. എസ്റ്റിമേറ്റ് പരിശോധനയ്ക്ക് വിധേയമാക്കാതെയാണ് തുക നൽകിയിരിക്കുന്നത്. അധികം നൽകിയ 10,080/- രൂപ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുടർ ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-30 ചാന്നാങ്കര കയർ സൊസൈറ്റി വളപ്പിലെ ആഞ്ഞിലി മരത്തിന്റെ ശാഖകൾ വെട്ടി മാറ്റിയ ചെലവ് 4000/- രൂപ തിരികെ ഈടാക്കിയില്ല.

വൗച്ചർ നം.21901042/29.1.20.

കഠിനംകുളം ഗ്രാമപഞ്ചായത്തിലെ ചാന്നാങ്കര കയർ സൊസൈറ്റിയുടെ ഓഫീസിനകത്ത് നിൽക്കുന്ന ആഞ്ഞിലി മരത്തിന്റെ ശാഖകൾ, സമീപവാസിയുടെ പരാതിയെത്തുടർന്ന് മുറിച്ച് മാറ്റുന്നതിന് കയർ സൊസൈറ്റി സെക്രട്ടറിക്ക് പഞ്ചായത്ത് 13/8/19ന് നോട്ടീസ് കൊടുത്തിരുന്നു. എന്നാൽ മരം മുറിച്ചുമാറ്റാത്തതിനെ തുടർന്ന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് മുറിച്ചുമാറ്റുന്നതിനും ചെലവ് തുക ആർ ആർ നടപടികളിലൂടെ കയർ സൊസൈറ്റിയിൽ നിന്നും ഈടാക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി, സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. (കമ്മിറ്റി തീരുമാനം നം.3/1 തീ.17.9.19, നം11(1) തീ.10.1.20) . ആഞ്ഞിലി മരത്തിന്റെ ശാഖകൾ

വെട്ടി മാറ്റിയ ചെലവ് 4,000/- രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 58തീയതി 18.09.21ന്റെ മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-31 റ്റി ബി രോഗികൾക്ക് പ്രോട്ടീൻ പൗഡർ വിതരണം പദ്ധതി- പൗഡർ വാങ്ങുന്നതിന് കാലതാമസം

| | |
|---|---|
| പദ്ധതിയുടെ പേര് | റ്റി.ബി. രോഗികൾക്ക് പ്രോട്ടീൻ പൗഡർ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രോജക്ട് നമ്പർ | 36/20 |
| അടങ്കൽ | 1,35,000/-<br>തനത് ഫണ്ട് |
| ചെലവ് | 1,35,000/- |
| ബിൽ നം/വൗച്ചർ നം | 6045542/21.10.19 |

കഠിനംകുളം പി എച്ച് സി 2019-20 വർഷം നടപ്പിലാക്കിയ, പഞ്ചായത്തിലെ 25 റ്റി ബി രോഗികൾക്ക് പ്രോട്ടീൻ പൗഡർ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി 1,35,000/- രൂപ 21.10.2019ൽ പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ 7.10.2020, 25.2.2021 തീയതികളിലാണ് പ്രോട്ടീൻ പൗഡർ വാങ്ങിയിരിക്കുന്നത്. പ്രോട്ടീൻ പൗഡർ വാങ്ങുന്നതിന് ഉണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 25തീയതി 14.09.21ന്റെ മറുപടിയിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല. പ്രോട്ടീൻ പൗഡറുകൾ വിതരണം ചെയ്തതിന്റെ രേഖകൾ കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-32 പാലിയേറ്റീവ് കെയർ രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

പാലിയേറ്റീവ് പരിചരണത്തിനുള്ള മാർഗ്ഗരേഖ സ.ഉ (സാധാ)നം 3217/2015 ത.സ്വ.ഭ.വ തീ. 29.10.15) ഖണ്ഡിക 2.5.6 പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നും നിഷ്കർഷിക്കുന്നു. എന്നാൽ കഠിനംകുളം പി എച്ച് സിയിലെ പാലിയേറ്റീവ് കെയർ രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. രോഗികളുടെ പേരുവിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 ഹരിത ഭവനത്തിലെ എല്ലാ ഘടകങ്ങളും ചെയ്യാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹരിത ഭവനം(വനിത) |
| പ്രോജക്ടിന്റെ നം | 6/2020 |
| അടങ്കൽ | 728400/-(224000വി. ഫ. ജ<br>224000 ജില്ലാ.പ.വിഹി.<br>279680ഗുണ.വിഹി ) |
| ചെലവ് | 14940 (7000വി. ഫ. ജ<br>7000ജില്ലാ.പ.വിഹി.<br>940 ഗുണ.വിഹി) |
| ബിൽ നം | 343 /19-20 3300/- തീ.13.03.2020(വി. ഫ. ജ)<br>342 / 19-20 3700/- തീ. 13.03.2020(വി. ഫ. ജ)<br>392/19-20 3700/- തീ. 3.03.2020(ജില്ലാ.പ.വിഹി.) |

32 ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയ്ക്കായി 30.07.2019-ല 11/2 നമ്പർ കമ്മറ്റി തീരുമാന പ്രകാരം 102 പേർ ഉൾപ്പെട്ട ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഗുണഭോക്തൃലിസ്റ്റിലെ 13-ാം ക്രമനമ്പർ ആയ ശ്രീമതി സൂസൺ ജോസഫിന് മാത്രമാണ് അനുകൂല്യം ലഭിച്ചത്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.40)മറുപടിയിൽ ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ച് കാര്യങ്ങൾ വിശദീകരിച്ചപ്പോൾ അതിൽ ഒരാൾ മാത്രമാണ് ഹരിത ഭവനത്തിലെ എല്ലാ ഘടകങ്ങളും ചെയ്യാൻ തയ്യാറായത്. കൂടാതെ ഗുണഭോക്തൃ വിഹിതം അടവാക്കുന്നതിനും കോഴിയും കൂട്ടം , കിണർ റീചാർജ്ജിംഗ് എന്നിവ ചെയ്യുന്നതിനും ഗുണഭോക്താക്കൾ താല്പര്യമില്ലായിരുന്നതിനാലുമാണ് വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാൻ സാധിക്കാത്തത് എന്ന് അറിയിച്ചിരിക്കുന്നു.

പദ്ധതി ആസൂത്രണത്തിലും പദ്ധതി അവലോകനത്തിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും സ. ഉ.(കൈ) 11/2018/ തസ്വഭവ തീ.29.01.18പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതുമാണ് പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാത്തത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വേളയിൽ അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് തയ്യാറാക്കി അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി വേണം ഗുണഭോകതൃലിസ്റ്റ് തയ്യാറാക്കേണ്ടത്. മാത്രമല്ല പദ്ധതിയെക്കുറിച്ച വ്യകതമായ അവബോധം ഗുണഭോക്താക്കൾക്കിടയിൽ ഉണ്ടായിരുന്നില്ല. മേൽ ഉത്തരവ് പ്രകാരമുള്ള മുഴുവൻ നടപടിക്രമങ്ങളും ഗുണഭോകതൃലിസ്റ്റ് തയ്യാറാക്കുന്നതിൽ സൂക്ഷ്മതയോടെ പാലിച്ചിട്ടില്ലാത്തതിനാലും വർക്കിംഗ് ഗ്രൂപ്പികളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതുമാണ് ഇപ്രകാരം പദ്ധതികൾക്ക് ലക്ഷ്യം കൈവരിക്കാൻ കഴിയാതെ വരുന്നതെന്ന് ഒഡിറ്റ് വിലയിരുത്തുന്നു. ഒരു പദ്ധതിയിൽ അനേകം ഘടകങ്ങൾ ഉൾപ്പെടുന്നതിനാൽ ഗുണഭോക്താക്കൾ എല്ലാ ഘടകങ്ങളും നടപ്പാക്കാൻ തയ്യാറാക്കാത്തതും പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നതിന് കാരണമാകുന്നു.

## 1-34 പദ്ധതി നടത്തിപ്പിനായി നൽകിയ തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല-തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | അഗതി രഹിത കേരളം (ആശ്രയ പദ്ധതി) |
| പദ്ധതിയുടെ നം. | 133/19-20 |
| പദ്ധതി അടങ്കൽ | 3,10,000/-<br>(വികസനഫണ്ട്- പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 3,10,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്തിലെ അഗതികളുടെ ക്ഷേമത്തിനായി ലക്ഷ്യമിടുന്ന പദ്ധതിയുടെ നടത്തിപ്പിനായി അടങ്കൽതുകയായ 3,10,000/-രൂപ മുഴുവനും ചെയർപേഴ്സൺ ആന്റ് ചാർജ് ഓഫീസർ, കുടുബശ്രീയ്ക്ക് നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് അന്വേഷണം നം.16 മുഖേന ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം 01.10.2019 ൽ കുടുബശ്രീ അക്കൗണ്ടിൽ എത്തിയ തുക ഏകദേശം രണ്ടു വർഷത്തോളമായി ചെലവഴിക്കാതെ അവശേഷിക്കുന്നു. 2019-20 വർഷം അനുവദിച്ച തുകയിൽ ഒരു രൂപ പോലും ചെലവഴിക്കാത്തതിനും പദ്ധതി നാളിതുവരെ നടപ്പിലാക്കത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാതെ കുടുബശ്രീ അക്കൗണ്ടിൽ നിലനിൽക്കുന്ന തുക തിരികെ ഈടാക്കി സഞ്ചിത നിധിയിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-35 ചെലവഴിക്കാതെ അവശേഷിച്ച തുക തിരികെ ഒടുക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പാഥേയം പദ്ധതി |
| പദ്ധതി നം. | 109/19-20 |
| പദ്ധതി അടങ്കൽ | 17,22,800/-<br>(7,03,280/- രൂപ വികസനഫണ്ട്- പൊതുവിഭാഗം,<br>10,19,520/- രൂപ ജില്ലാപഞ്ചായത്ത് വിഹിതം) |
| പദ്ധതി ചെലവ് | 7,03,280/- (വികസനഫണ്ട്- പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്തിലെ അഗതികളായ ഗുണഭോകതാക്കൾക്ക് 365 ദിവസവും ഉച്ചഭക്ഷണം നൽകുന്നതിനായി ജില്ലാപഞ്ചായത്ത് സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി ചെയർപേഴ്സൺ ആന്റ് ചാർജ് ഓഫീസർ, കുടുബശ്രീയ്ക്ക് നൽകിയ 7,03,280/- രൂപയ്ക്ക് ഓഡിറ്റ് അന്വേഷണം നം.16 മുഖേന ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം 10,198/- രൂപ ഇപ്പോഴും ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ബാക്കിതുക ബന്ധപ്പെട്ട പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-36 ജാഗ്രതാസമിതി കൗൺസിലറുടെ നിയമനം - അപാകങ്ങൾ

പ്രോജക്ട് നം. 11/19-20 ജാഗ്രതാസമിതി ശാക്തീകരണം പദ്ധതിയുടെ ഭാഗമായി ഒരു ജാഗ്രതാസമിതി രൂപീകരിക്കുകയും യോഗ്യതയില്ലാത്തവർ ഇല്ലാത്ത സാഹചര്യത്തിൽ അവസാന വർഷ പിജി പരീക്ഷ എഴുതി നിൽക്കുന്ന കുമാരി സാന്ദ്ര ജോർജ് എന്നയാളിനെ ജാഗ്രതാസമിതി കൗൺസിലറായി നിയമിക്കണമെന്ന നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാസം 10,000/- രൂപ ഓണറേറിയം നിരക്കിൽ ടിയാളെ നിയമിക്കുകയും ചെയ്തു. നിയമനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.49 ന് ലഭിച്ച മറുപടിയിൽ പറഞ്ഞിരിക്കുന്നതും ചുവടെ ചേർക്കുന്നതുമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

1. കൗൺസിലറെ നിയമിക്കുന്നതിനായി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ

നോട്ടീസ് ബോർഡുകളിൽ പരസ്യം നൽകിയത്.

2. യോഗ്യതയുള്ളവർ ഇല്ലാത്ത സാഹചര്യത്തിൽ പഞ്ചായത്തിന്റെ 10 Km ചുറ്റളവിലുള്ള

കോളേജുകളിൽ രേഖാമൂലം അന്വേഷണം നടത്തിയത്.

കൂടാതെ നിയമനം ലഭിച്ച വ്യക്തിയുടെ അപേക്ഷ വാങ്ങിയിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു. ഇപ്രകാരം യോഗ്യതയില്ലാത്തവർ ഇല്ലായെന്ന കാരണം കാണിച്ച് അപേക്ഷ പോലും വാങ്ങാതെ പൂർണമായ യോഗ്യത നേടാത്ത വ്യക്തിയെ കൗൺസിലറായി നിയമിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-37 അമൃതം ന്യൂട്രിമിക്സ്-സ്റ്റോക്കിലുള്ള പൊരുത്തക്കേടുകൾ

പ്രോജക്ട് നം. 7/19-20 അംഗനവാടി പോഷകാഹാരം പദ്ധതിയുടെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐസിഡിഎസ് സൂപ്പർവൈസർ പർച്ചേസ് ചെയ്ത് സ്റ്റോക്കിലെടുത്ത് അംഗനവാടികൾക്ക് വിതരണം നടത്തിയ അമൃതം ന്യൂട്രിമിക്സിന്റെ സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

| ക്രമ നം. | അംഗനവാടി നം. | വിതരണമാസം/ വർഷം | ഐസിഡിഎസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയത് (Kg) | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭിച്ചത് (Kg) | അംഗനവാടി സ്റ്റോക്കിലെടുക്കാത്തത് (Kg) |
|---|---|---|---|---|---|
| 1 | 76 | 12/2019 | 36 | 35 | 1 |
| 2 | 76 | 03/2020 | 30 | - | 30 |

കൂടാതെ അമൃതം ന്യൂട്രിമിക്സ് ഗുണഭോകതാക്കൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട മേൽ അംഗൻവാടിയുടെ THRS രജിസ്റ്റർ പ്രകാരം 2020 ഫെബ്രുവരി മാസം ലഭിച്ചതും വിതരണം ചെയ്തതും 30kg ആണ്. എന്നാൽ പ്രസ്തുത മാസം യഥാർത്ഥത്തിൽ വരവ് വന്നത് 39kg ആയിരുന്നു. അതായത് 9kg ന്യൂട്രിമിക്സ് വിതരണം ചെയ്തതായി കാണുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 60 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സ്റ്റോക്കിലെടുക്കാൻ വിട്ടുപോയതായി പറയുന്നുണ്ട്. അതിനാൽ അംഗനവാടി മോണിട്ടറിംഗ് സമിതി ഇതു സംബന്ധിച്ച് പരിശോധന നടത്തേണ്ടതും അംഗനവാടികളുടെ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

## 1-38 ടെണ്ടർ ഫാറവിലയോടൊപ്പം ജിഎസ്ടി ഈടാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കഠിനംകുളം വെറ്ററിനറി ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നം. | 18/19-20 |
| | |

| | |
|---|---|
| പദ്ധതി അടങ്കൽ | 1,75,000/-<br>(റോഡിതര മെയിന്റനൻസ് ഫണ്ട്) |
| പദ്ധതി ചെലവ് | 42,067/- |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പദ്ധതി നടപ്പാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടർ നോട്ടീസ് പ്രകാരം ഫാറവില 350+ജിഎസ്ടി ആയിരുന്നു. എന്നാൽ ടെണ്ടർ സമർപ്പിച്ച ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഫാറവിലയോടൊപ്പം 12% ജിഎസ്ടി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ടിയിരുന്ന ജിഎസ്ടി തുക (രൂപ) |
|---|---|---|
| 1 | ഇംഗ്ലീഷ് ഫാർമ | 42 |
| 2 | ആറ്റിങ്ങൽ ഡ്രഗ് ഹൗസ് | 42 |
| ആകെ | | 84/-രൂപ |

സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ഫാറവില ഈടാക്കുമ്പോൾ ഭാവിയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-39 അനുബന്ധരേഖകൾ ഹാജരാക്കിയില്ല- 88,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പത്താംതരം തുല്യതാ പരീക്ഷ 2019-20 |
| പദ്ധതി നം. | 65/19-20 |
| പദ്ധതി അടങ്കൽ | 1,59,500/-<br>(തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 1,58,000/- |
| ചെക്ക് നം./തീയതി | 5919050/30.03.2020 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽപിഎസ് |

പത്താംതരം തുല്യതാ പരീക്ഷയുടെ നടത്തിപ്പിനായി ആകെ 1,58,000/-രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ 2 അക്കൗണ്ടുകളിലേയ്ക്ക് യഥാക്രമം 70,000/-രൂപ, 88,000/-രൂപ എന്നിങ്ങനെ അനുവദിച്ചിരുന്നു. ഓഡിറ്റ് അന്വേഷണം നം. 62 പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം 70,000/- രൂപ പത്താംതരം തുല്യതാ പരീക്ഷയുടെ ഫീസിനത്തിലും 88,000/- രൂപ പന്ത്രണ്ടാംതരം തുല്യതാ പരീക്ഷയുടെ ഫീസിനത്തിലും ഉള്ളതാണ്. പഞ്ചായത്തിലെ പത്താംതരം തുല്യതാ സെന്റർ കോർഡിനേറ്റർ നൽകിയ ലിസ്റ്റ്, പഠിതാക്കളുടെ രേഖകൾ എന്നിവ പ്രകാരം 40 പേരാണ് പത്താംതരം തുല്യതാ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. എന്നാൽ പന്ത്രണ്ടാംതരം തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ ഹാൾടിക്കറ്റ് അടക്കമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ രേഖകളുടെ അഭാവത്തിൽ പ്രസ്തുത ചെലവിനായി വിനിയോഗിച്ചിരിക്കുന്ന 88,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 പ്രോജക്ട് ഫയലുകൾ ഹാജരാക്കിയില്ല- 5,17,960/- രൂപ തടസ്സപ്പെടുത്തുന്നു

2019-20 വർഷം ഹെഡ് മാസ്റ്റർ, ഗവ.എൽപിഎസ് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ പറയുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ ഫയലുകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 62 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ പ്രസ്തുത ചെലവുകൾക്കായി ചെലവഴിച്ച 5,17,960/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി | ഫണ്ടിനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 137/19-20/ ഗ്രാമപഞ്ചായത്ത് എൽപി സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം | 2,90,970 | 2,88,820 | 02/2019-20, 07.05.2019 | വികസന ഫണ്ട് (പൊതുവിഭാഗം) |
| 2 | 138/19-20/ പത്താംതരം തുല്യതാ പരീക്ഷ | 87,000 | 87,000 | 03/2019-20, 15.09.2019 | വികസന ഫണ്ട് (പൊതുവിഭാഗം) |
| 3 | 143/19-20/ സ്മാർട്ട് ക്ലാസ്സ്റൂം നിർമ്മാണം | 1,42,140 | 1,42,140 | 01/2019-20, 07.05.2019 | വികസന ഫണ്ട് (പൊതുവിഭാഗം) |
| ആകെ | | | 5,17,960/- | | |

ഫയലുകൾ പരിശോധയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 ഭവന പുനരുദ്ധാരണം പദ്ധതി സംബന്ധിച്ച പൊതുവായ അപാകതകൾ

പ്രോജക്റ്റ് നം. 12/20 - വീട് വാസയോഗ്യമാക്കൽ (ജനറൽ) 2019-20

സ്പിൽ ഓവർ പ്രോജക്റ്റ് നം. 151/20 - വീട് വാസയോഗ്യമാക്കൽ (ജനറൽ) 2018-19

പ്രോജക്റ്റ് നം. 69/20 - വീട് വാസയോഗ്യമാക്കൽ (എസ് സി) 2019-20

സ്പിൽ ഓവർ പ്രോജക്റ്റ് നം. 140/20 - വീട് വാസയോഗ്യമാക്കൽ(എസ് സി) 2018-19

2019-20 വർഷം വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾ പരിശോധിച്ചതിൽ നിന്നുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭൂരിഭാഗം ഗുണഭോക്താക്കളും സ.ഉ.(കൈ) നം.22/18/തസ്വഭവ, തീയതി 14.02.2018സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള റഫ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. ഉൾക്കൊള്ളിച്ചിരിക്കുന്ന കരാറുകൾ മിക്കതും പൂരിപ്പിച്ചവയോ ഒപ്പ് രേഖപ്പെടുത്തിയവയോ അല്ല.

3. ചില അപേക്ഷയിൽ ഗുണഭോക്താവിന്റെ അർഹത സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

4. ചില ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശുപാർശ ഇല്ല.

5. തുക അനുവദിച്ചുകൊണ്ടുള്ള ചില ബില്ലുകളോടൊപ്പം ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പുകൾ ഇല്ല.

6. ചില ബില്ലുകളുടെ പകർപ്പുകൾക്ക് പകരം ബെനിഫിഷ്യറികളുടെ വിവരങ്ങൾ മാത്രമാണ് ഉള്ളത്.

7. പ്രോജക്റ്റ് രജിസ്റ്ററിലെ വിവരങ്ങൾ പൂർണമല്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 സ്പിൽ ഓവർ പ്രോജക്ടുകൾ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല

2019-20 വർഷം പൂർത്തിയാകാത്ത ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ അടുത്ത വർഷം സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിലും 2020-21 വർഷത്തെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | സ്പിൽ ഓവർ പ്രോജക്റ്റ് നം. | ചെലവ് തുക | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 56/19-20 | 136/20-21 | 3,34,780/- | അസിസ്റ്റന്റ് സെക്രട്ടറി |
| 2 | 76/19-20 | 98/2021 | 2,25,000/- | അസിസ്റ്റന്റ് സെക്രട്ടറി |
| 3 | 113/19-20 | 75/20-21 | 3,43,914/- | ഹെഡ് മാസ്റ്റർ, ഗവ. എൽ പി എസ് |

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/13.09.21 ന് നൽകിയ മറുപടിയിൽ സാങ്കേതിക കാരണങ്ങളാലാണ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ചെലവായി കാണാത്തത് എന്ന് പറഞ്ഞിരിക്കുന്നു. അങ്ങനെയെങ്കിൽ പ്രസ്തുത തകരാർ പരിഹരിക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-43 വീട് വാസയോഗ്യമാക്കൽ (എസ്‌സി)-പദ്ധതി അപാകങ്ങൾ

2019-20 വർഷം വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ്‌സി) പദ്ധതിയിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പദ്ധതി പൂർത്തീകരണം നാളിതുവരെ നടന്നതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ട് നം. | ഗുണഭോക്താവിന്റെ വിവരം |
|---|---|---|
| 1 | 69/19-20 | മോഹനൻ, പുതുവൽ വീട്, കഠിനംകുളം |
| 2 | സ്പിൽ ഓവർ 140/19-20 | യശോദ.ജെ, ലെനിൻ ലാൽ ഭവൻ, കഠിനംകുളം |

എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-44 വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങൽ-പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങൽ |
| പദ്ധതി നം. | 156/19-20 |
| പദ്ധതി അടങ്കൽ | 4,00,000/-<br>(3,00,000/- രൂപ വികസനഫണ്ട്- പൊതുവിഭാഗം,<br>1,00,000/- രൂപ ഗുണഭോക്തൃ വിഹിതം) |
| പദ്ധതി ചെലവ് | 2,00,000/-<br>(1,00,000/- രൂപ വികസനഫണ്ട്- പൊതുവിഭാഗം,<br>1,00,000/- രൂപ ഗുണഭോക്തൃ വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

### 1-44-1. യഥാസമയം ഗുണഭോക്തൃ വിഹിതം ഒടുക്കിയിട്ടും ആനുകൂല്യം ലഭിച്ചിട്ടില്ല.

എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം മേൽ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 1,00,000/- രൂപയും ഗുണഭോക്തൃ വിഹിതം 1,00,000/- രൂപയുമാണ് (50 % പഞ്ചായത്ത് വിഹിതം + 50% ഗുണഭോക്തൃ വിഹിതം) വിനിയോഗിച്ചിരിക്കുന്നത്. അതു പ്രകാരം 4 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിക്കേണ്ടത് (50,000 X4). എന്നാൽ യഥാർത്ഥത്തിൽ 3 ഗുണഭോക്താക്കൾക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം ലഭിച്ചിരിക്കുന്നത്. ആയതിനുള്ള കാരണം ചുവടെ ചേർക്കുന്നു.

4 ഗുണഭോക്താൾക്കുള്ള പഞ്ചായത്ത് വിഹിതമായ 1,00,000/- രൂപ യഥാസമയം പുതിയ വല ലഭ്യമാക്കുന്നതിനായി മത്സ്യഫെഡിന് നൽകിയിരുന്നെങ്കിലും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ ക്ലമന്റ്, അർത്തിയിൽ പുരയിടം, മര്യനാട് എന്ന വ്യക്തിയുടെ ഗുണഭോക്തൃ വിഹിതമായ 25,000/-രൂപ യഥാസമയം മത്സ്യഫെഡിന് നൽകിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 47 ന് നൽകിയ മറുപടിയിൽ ടി തുക മത്സ്യഫെഡിന് നൽകുന്നതിനായി ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ അക്കൗണ്ടിൽ വന്നത് മറ്റൊരു പ്രോജക്ടിലെ ഗുണഭോക്ത്യ വിഹിതം തിരികെ നൽകാനുള്ള വ്യക്തിക്ക് മാറി നൽകിയെന്ന് അറിയിച്ചിരിക്കുന്നു. അതായത് യഥാസമയം ഗുണഭോക്തൃ വിഹിതം അടച്ച ശ്രീ.ക്ലമന്റ് എന്ന വ്യക്തിയുടെ ഗുണഭോക്തൃ വിഹിതം മത്സ്യഫെഡിൽ എത്താത്ത കാരണത്താൽ ടിയാൾക്ക് അർഹമായ ആനുകൂല്യം ലഭിച്ചിട്ടില്ല. കൂടാതെ പ്രോജക്ട് അവസാനിച്ചപ്പോഴും ശ്രീ.ക്ലമന്റിന്റെ ഗുണഭോക്തൃ വിഹിതം ടിയാൾക്ക് തിരികെ നൽകിയിട്ടില്ല. ടിയാളുടെ ഗുണഭോക്തൃ വിഹിതം എത്രയും വേഗം പലിശ സഹിതം തിരികെ നൽകുന്നതിനും പ്രസ്തുത ആവശ്യത്തിനായി മൽസ്യഫെഡിന് നൽകിയിരിക്കുന്ന പഞ്ചായത്ത് വിഹിതമായ 25,000/- രൂപ തിരികെ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-44-2. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് പദ്ധതി ആനുകൂല്യം നൽകിയിരിക്കുന്നു.

മേൽ പദ്ധതിയുടെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ജോസഫ്, കഠിനംകുളം എന്ന വ്യക്തിക്ക് പദ്ധതി ആനുകൂല്യമായ പുതിയ വല വാങ്ങി നൽകിയിരിക്കുന്നു. ഇതിനായി 50% ചെലവായ 25,000/- രൂപ പഞ്ചായത്ത് വഹിക്കുകയും ബാക്കി 50% തുകയായ 25,000/- രൂപ ശ്രീ.ജോസഫ് ഗുണഭോക്തൃ വിഹിതമായി ഒടുക്കുകയും ചെയ്തു. ഇപ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച്

നൽകിയ ഓഡിറ്റ് അന്വേഷണം നം.47/17.09.2021ന് നൽകിയ മറുപടിയിൽ ലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീ.ജോസഫിൽ നിന്നും പഞ്ചായത്ത് വിഹിതമായി ചെലവഴിച്ച തുക ടിയാനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടച്ചതിന് ശേഷം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല. അതിനാൽ അനർഹമായി നൽകിയ ആനുകൂല്യത്തിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവായ 25,000/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഫിഷറീസ് സബ് ഇൻസ്പെക്ടറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 1-45 പ്രോജക്ട് നം.58/2019-20-മത്സ്യതൊഴിലാളികൾക്ക് ഫൈബർ വള്ളം/കട്ടമരം/ ചെറിയ വള്ളം പദ്ധതി രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | മൽസ്യതൊഴിലാളികൾക്ക് ഫൈബർ റീഎൻഫോഴ്സ്ഡ്(എആർപി)കട്ടമരം/ചെറിയ തടിവള്ളം 2018-19 |
| പദ്ധതി നം. | 158/19-20 |
| പദ്ധതി അടങ്കൽ | 4,10,300/-<br>(3,07,723/- രൂപ വികസനഫണ്ട്- പൊതുവിഭാഗം,<br>1,02,577/- രൂപ ഗുണഭോക്തൃ വിഹിതം) |
| പദ്ധതി ചെലവ് | 1,97,426/-<br>(1,48,069/- രൂപ വികസനഫണ്ട്- പൊതുവിഭാഗം,<br>49,357/- രൂപ ഗുണഭോക്തൃ വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

പദ്ധതി രൂപരേഖ പ്രകാരം ഒരാൾക്ക് ചെലവ് വരുന്ന 40,000/- രൂപയിൽ 30,000/- രൂപ പഞ്ചായത്ത് വിഹിതവും (75%) 10,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ് (25%). അതിന്റെ അടിസ്ഥാനത്തിൽ ഓരോ ഗുണഭോക്താവും ഒടുക്കിയിരിക്കുന്നത് 10,000/- രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ ചെലവായിരിക്കുന്നത് ഒരാൾക്ക് 39,485/- രൂപയാണ്. അതു പ്രകാരം ഒരാൾക്കുള്ള ഗുണഭോക്തൃ വിഹിതം 9,872/- രൂപയാണ്. (39,485 ന്റെ 25 %). ആയതിനാൽ അധികമായി ഒടുക്കിയിട്ടുള്ള 128/- രൂപ വീതം ആനുകൂല്യം ലഭിച്ച 5 ഗുണഭോക്താക്കൾക്കും തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കൾ രജിസ്റ്റേർഡ് മത്സ്യതൊഴിലാളികളാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 47/17.09.21 ന് നൽകിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിരുന്നെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 1-46 ചേരമാൻതുരുത്ത് പാലം നിർമ്മാണം രണ്ടാം ഘട്ടം-എം.ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ്തുക- 32,06,096/- തടസ്സപ്പെടുത്തുന്നു.

അസി. എൻജിനീയർ 2019-20 ൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തിയുടെ എം.ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ- 164/20

പ്രോജക്ടിന്റെ പേര്- ചേരമാൻതുരുത്ത് പാലം നിർമ്മാണം രണ്ടാം ഘട്ടം

അടങ്കൽ- 32,92,853/-(തനത്ഫണ്ട് - 26,00,000/-, ജില്ലാപഞ്ചായത്ത് വിഹിതം-69285/-)

ചെലവ്- 32,06,096/--(തനത്ഫണ്ട് -25,13,243/-,ജില്ലാപഞ്ചായത്ത് വിഹിതം-69285/-)

എം. ബുക്ക് നമ്പർ - 526/14-15, 258/18-19, 239/18-19

ചെക്ക് നമ്പർ - 6045515/21.08.2019- 16,70,110/-

6045516/21.08.2019- 35,350/-

6045517/21.08.2019- 17,675/-

6045518/21.08.2019- 44,365/-

6045565/28.11.2019- 2,31,047/-

6045566/28.11.2019- 6,83,614/-

6045567/28.11.2019- 9,239/-

5919042/23.03.2020- 4,95,163/-

5919043/23.03.2020- 14,386/-

5918039/23.03.2020- 5,147/-

ആകെ - 32,06,096/-

പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്കുകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഫയൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (35/15.09.2021 എം ബുക്കുകൾ വിജിലൻസ് എൻക്വയറി ആവശ്യാർത്ഥം "വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ" കൊണ്ടു പോയിട്ടുള്ളതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. എം ബുക്കുകൾ "വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ" യിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവു തുകയായ 32,06,096/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-47 എസ്റ്റമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിന് വിരുദ്ധമായി കഠിനംകുളം ഗ്രാമ പഞ്ചായത്തിൽ 2019-20ൽ നടപ്പാക്കിയ ചുവടെ പറയുന്ന 9 പ്രവൃത്തികൾ എസ്റ്റമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 144/20 | തെക്കതിൽ കാണിക്കവഞ്ചി റോഡ് റീടാറിംഗ് | 10,00,000 | 8,80,053 |
| 2 | 17020 | ചാന്നാങ്കര കഠിനംകുളം അമ്മൻകോവിൽ ജംങ്ഷൻ റോഡ് റീടാറിംഗ് | 10,24,480 | 9,16,800 |
| 3 | 161/20 | പുതുക്കുറിച്ചി കായൽറോഡ് മെറ്റലിംഗ് &ടാറിംഗ് | 5,00,000 | 3,93,100 |
| 4 | 160/20 | ചരുവിളാകം മണക്കാട്ടുവിളാകം റോഡ് മെറ്റലിംഗ് & ടാറിംഗ് | 13,20,000 | 8,22,400 |
| 5 | 166/20 | സോഡാകമ്പനി ബീച്ച് റോഡ് റീകോൺക്രീറ്റിംഗ് | 1,20,000 | 1,19,392 |
| 6 | 165/20 | ക്രിസ്തുരാജ് ലാന്റ് റോഡ് റീകോൺക്രീറ്റിംഗ് | 1,45,000 | 1,44,900 |
| 7 | 193/20 | അണക്കപ്പിള്ള കനാൽ നടപ്പാത കോൺക്രീറ്റ് | 2,48,600 | 1,88,061 |
| 8 | 185/20 | ചേരമാൻ തുരുത്ത് ഓട പുനരുദ്ധാരണം | 12,00,000 | 8,43,271 |
| 9 | 162/20 | മര്യനാട് സൂപ്പർമാർക്കറ്റ് ബീച്ച് റോഡ് പുനരുദ്ധാരണം | 5,55,000 | 3,59,800 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 43/ 16.09.2021) ലഭ്യമാക്കിയ മറുപടിയിൽ വിവധ കാരണങ്ങളാൽ മേൽ പ്രവത്തികളുടെ എസ്റ്റിമേറ്റുകൾ പുതുക്കാനിടയായിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

സ്ഥലപരിശോധന നടത്തി കൃത്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കാത്തത് കാരണവും, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തത് കാരണവും എസ്റ്റിമേറ്റുകൾ പുതുക്കി നിർവ്വഹണം നടത്താനിടയാക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-48 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 24/14.09.2021) ലഭ്യമാക്കിയ മറുപടിയിൽ ഘടക സ്ഥാപന മേധാവികൾ ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ മേൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

## 1-49 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം

**എ)**വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**ബി)** വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷം ആകെ ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. 18.12.2019 ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ "ഗ്രീൻ പ്രോട്ടോക്കോൾ 2019-20" എന്ന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകളും വാങ്ങുന്നതിന് മാത്രമാണ് പ്രോക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നത്.

സെക്രട്ടറി നിർവ്വഹണം നടത്തിയ എ.സി. വാങ്ങൽ, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സബ് ഇൻസ്പെക്ടർ ഫിഷറീസ് നിർവ്വഹണം നടത്തിയ വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങൽ, മത്സ്യ തൊഴിലാളികൾക്ക് ഫൈബർ റീഇൻഫോഴ്സ്ഡ് എഫ്.ആർ. പി. കട്ടമരം/ചെറിയ തടിവള്ളം , ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ , എച്ച്.എം. നിർവ്വഹണം നടത്തിയ എസ്.സി. വിദ്യാർത്ഥികൾക്ക് പുതിയ മേശയും കസേരയും വാങ്ങി നൽകൽ മുതലായ പ്രോജക്ടുകൾ നടപ്പാക്കുന്നതിലേയ്ക്കായി പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നതായി കാണുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നം. 38/16.09.2021)ക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | | | |
| മുന്നിരിപ്പ് | തിരിച്ചടച്ചത് | പദ്ധതിയുടെ പേര് | പദ്ധതി പ്രകാരം വരവ് | പദ്ധതി പ്രകാരം ചെലവ് | നീക്കിയിരിപ്പ് |
| 960020 | 148460 | | | | 811560 |
| | | പകൽ വീട്(89/20) | 300000 | 151228 | 105399 |
| | | സ്നേഹസ്പർശം(87/20) | 961875 | 960950 | 925 |
| | | ക്ഷീരസമൃദ്ധി | 151228 | 151228 | 0 |
| | | ലൈഫ് (ജനറൽ) | 2800780 | 2800780 | 0 |
| | | ലൈഫ് (എസ്.സി.പി) | 850000 | 850000 | 0 |
| 960020 | 148460 | | 5063883 | 4914186 | 917884 |
| ജില്ലാ പഞ്ചായത്ത് വിഹിതം | | | | | |
| 212703 | 18000 | | | | 194703 |
| | | ഹരിത ഭവനം | 7000 | 7000 | |
| | | ക്ഷീരസമൃദ്ധി | 43015 | 43015 | |
| 212703 | 18000 | | 50015 | 50015 | 194703 |

എന്നാൽ ലൈഫ് ലൈഫ്(ജനറൽ) പദ്ധതിയ്ക്കായി 2355/- രൂപയും ലൈഫ്(എസ്.സി.പി) പദ്ധതിയ്ക്കായി 7318/- രൂപയും ചേരമാൻതുരുത്ത് പാലനിർമ്മാണം പദ്ധതിയ്ക്കായി 692853/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് എ.എഫ്.എസിൽ ഉൾപ്പെട്ടിട്ടില്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക

| നിർവഹണ ഏജൻസി | മുൻ ബാക്കി | മുൻകൂർ നൽകിയ തുക | | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | പദ്ധതിയുടെ പേര് | നൽകിയ തുക | | | | |
| കേരള വാട്ടർ അതോറിറ്റി | 2212221 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 2000000 | 0 | 4245521 | 0 | 4245521 |
| | | അംഗൻവാടിയ്ക്ക് വാട്ടർ കണക്ഷൻ | 33300 | 0 | | | |
| കെ.എസ്.ഇ.ബി | 500000 | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റെൻഷൻ | 512718 | 0 | 2113013 | | 2113013 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | OFC -കണക്ഷൻ | 151181 | | | | |
| | | തെരുവ് വെളക്ക് മീറ്ററിംഗ് | 949114 | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

| വായ്പ വിവരം | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| EMS | 20350500 | 6900 | 6900 | 0 |
| KURDFC ലോൺ | 5550726 | 29312266(18-19)+<br>29840000(19-20)<br>59152268 | 29312266 | 55990501 |

## 4-5 സ്ഥിര നിക്ഷേപം

| | | |
|---|---|---|
| 1 | ഇൻഡ്യൻ ബാങ്ക് | 1,50,00,000/- |
| 2 | യൂണിയൻ ബാങ്ക് | 1,00,00,000/- |

നിക്ഷേമപവുമായി ബന്ധപ്പെട്ട് 2021-22ലെ സർട്ടിഫിക്കറ്റുകളും നിക്ഷേപവുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റുകളുമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. യൂണിയൻ ബാങ്കിന്റെ നിക്ഷേപവുമായി ബന്ധപ്പെട്ട് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 09.05.2019-ൽ 1കോടി രൂപ നിക്ഷേപിക്കുകയും 20.09.2019ൽ 2,65,989/-രൂപയും 28.03.2020-ൽ 3,48,023/-രൂപയും പലിശയായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് കൂടി ഉൾപ്പെടുത്തിയാണ് നിക്ഷേപം പുതുക്കിയിട്ടുള്ളത്. ആയതിനാൽ 10604012/-രൂപയാണ് 2019-20 സാമ്പത്തിക വർഷത്തിൽ യൂണിയൻ ബാങ്കിൽ നിക്ഷേപമായിട്ടുള്ളത്. എന്നാൽ 6,04,012/-രൂപ 2019-20 AFSലെ B-12ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 22,59,97,090/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 16,28,75,058/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,86,235/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക | | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2,52,769/- | സെക്രട്ടറി |
| 1-22 | 1,21,410/- | സെക്രട്ടറി |
| 1-39 | 88,000/- | എച്ച്.എം. |
| 1-40 | 5,17,960/- | എച്ച്.എം. |
| 1-46 | 32,06,096/- | അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ തുക** | **41,86,235/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല.**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മിനി.ജെ | സെക്രട്ടറി, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് | House No. 7, Mangrath Gardens, Pappanamcode P.O. Thiruvananthapuram |
| ശ്രീമതി സുനിത | വിരമിച്ചു | |
| പ്രീതി പ്രഭാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കഠിനംകുളം ഗ്രാമ പഞ്ചായത്ത് | Parvanam, Moozhinada, Kattayikkonam - 695584 |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2001-02 | നം.KSAD/Tvm. ജി.പി.11.933/2018 തീ.08.05.2017 | - |
| 2002-03 | നം.LFTD ജി.പി.7.703/08 തീ.25.06.2014 | - |
| 2004-05 | നം.LFTD.ജി.പി.7/380/2009 തീ. 22.9.2009/9.02.2010 | 4 |
| 2005-06 | നം. LFTD ജി.പി.7/381/2009 തീ.5.10.2009/9.2.2010 | 21 |
| 2006-07 | നം.എൽ എഫ്.റ്റി.ഡി.ജി.പി.11/326/2010 തീ.13.06.2011 | 6 |
| 2007-08 | നം.എൽ എഫ്.റ്റി.ഡി.ജി.പി.11/327/2010 തീ.03.12.2013 | 12 |
| 2008-09 | നം.എൽ എഫ്.റ്റി.ഡി.ജി.പി.11/2101/201തീ.28.06.2012 | 12 |
| 2009-10 | നം.എൽ എഫ്.റ്റി.ഡി.ജി.പി.11/2101/2011 തീ.25.04.2013 | 9 |
| 2010-11 | നം.KSAD/Tvm.ജി.പി.11/933/2018 തീ.08.05.2019 | 2 |
| 2011-12 | നം.KSAD/Tvm.ജി.പി.11/1108/2013 തീ.09.06.2015 | 5 |
| 2012-13 | നം.KSAD/Tvm.ജി.പി.11/1341/2014 തീ.18.12.2015 | 15 |
| 2013-14 | നം.KSAD/Tvm.ജി.പി.11/933/2018 തീ.08.05.2019 | 5 |
| 2014-15 | നം.KSAD/Tvm.ജി.പി.11/1234/2016 തീ.21.07.2016 | 8 |
| 2015-16 | നം.KSAD/Tvm.ജി.പി.11/1964/2016 തീ.14.11.2016 | 5 |

| | | |
|---|---|---|
| 2016-17 | നം.KSAD/Tvm.ജി.പി.11/1935/2017 തീ.27.9.2017 | 4 |
| 2017-18 | നം.KSAD/Tvm..ജി.പി.11/319/2019 തീ.22.04.2019 | 30 |
| 2018-19 | നം.KSAD/Tvm.ജി.പി.11/1067/2020 തീ.19.11.2020 | 36 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം , തിരുവനന്തപുരം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്